**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

www.ksad.kerala.gov.in

**മടവൂർ ഗ്രാമ പഞ്ചായത്ത്**

**ഓഡിറ്റ് റിപ്പോർട്ട് 2018-19**

**ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്**

**e-mail: dokkd.ksad@kerala.gov.in**

(രജിസ്റ്റർ ചെയ്തു കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.കെ.കെ.ഡി. പി2/1731/2019


കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം,

സിവിൽ സ്റ്റേഷൻ, കോഴിക്കോട്

ഫോൺ-0495 2371012

ഇ-മെയിൽ:dokkd.ksad@kerala.gov.in


തീയ്യതി: 04.11.2019

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
മടവൂർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : മടവൂർ ഗ്രാമപഞ്ചായത്ത് - 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മടവൂർ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്

3) കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.കെ.കെ.ഡി. പി2/1731/2019 തീയതി 04.11.2019

**കോഴിക്കോട് ജില്ലയിലെ മടവൂർ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.**

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോഴിക്കോട് ജില്ലയിലെ മടവൂർ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 19.07.2018 മുതൽ 09.10.2019 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 25 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 5 എണ്ണത്തിന് മറുപടി ലഭിച്ചു. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

**(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം**

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ. വാസുദേവൻ. എം<br>ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 09.10.2019 മുതൽ 17.10.2019വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ. എം.മനോഹരൻ<br>ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി. ഷൈന. എ.കെ<br>അസി. ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി. ദിശ .ആർ.കെ<br>അസി. ഓഡിറ്റ് ഓഫീസർ |
| | ശ്രീ. രാമദാസ്. എം.<br>സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീമതി.ജിഷ.പി.<br>ഓഡിറ്റർ |

**(ബി)നിർവ്വഹണാധികാരികൾ**

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ.പങ്കജാക്ഷൻ. പി.വി | 01.04.2018 മുതൽ 31.03.2019 വരെ |
| സെക്രട്ടറി | ശ്രീമതി. പവിത്ര കെ. കെ | 01.04.2018 മുതൽ 06.05.2018 വരെ |
| | ശ്രീമതി. മറിയ ഗൊരോട്ടി | 07.05.2018 മുതൽ 05.06.2018 വരെ |
| | ശ്രീ.ബൈജു ജോസ് | 26.06.2018 മുതൽ 31.03.2019 വരെ |

**നിർവ്വഹണ ഉദ്യോഗസ്ഥർ**

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസി.എഞ്ചിനീയർ | ശ്രീമതി. റസീന.എൻ.പി. | 01.04.201 മുതൽ 03.07.2018 വരെ |
| | ശ്രീ. കൃഷ്ണേന്ദു.കെ | 04.07.2018 മുതൽ 04.01.2019 വ രെ |
| | ശ്രീ. മുഹമ്മദ്.കെ | 05.01.2019 മുതൽ 31.03.2019 വരെ |
| കൃഷി ഓഫീസർ | ശ്രീമതി. ഇന്ദു. പി | 01.04.2018 മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ പി.എച്ച്.സി | ഡോ.ഉഷാദേവി | 01.04.2018 മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ ആയുർവേദം | ഡോ.ഹൈറുന്നിസ. എൻ. കെ | 01.04.2018 മുതൽ 07.072018 വരെ |
| | ഡോ.ആരിഫ. ഇ.എ | 08.07.2018 മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ ഹോമിയോ | ഡോ.സാഹിത മജീദ് | 01.04.2018 മുതൽ 31.03.2019 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി.ഷീജ | 01.04.2018 മുതൽ 31.03.2019 വരെ |
| ഹെഡ് മാസ്റ്റർ | ശ്രീ. അബ്ദുൾഖാദർ. ടി. ഡി | 01.04.2018 മുതൽ 31.05.2018 വരെ |
| | ശ്രീ. മോഹൻദാസ്.വി.കെ | 01.06.2018 മുതൽ 31.03.2019 വരെ |
| വെറ്ററിനറി സർജൻ | ഡോ.ജയശ്രീ. കെ വി | 01.04.2018 മുതൽ 31.03.2019 വരെ |
| എൽ.വി.ഇ.ഒ | ശ്രീമതി. ശ്രീലത.എൻ.എസ് | 01.04.2018 മുതൽ 31.03.2019 വരെ |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | ശ്രീ. രമേഷ്. എൻ | 01.04.2018 മുതൽ 19.06.2018 വരെ |
| | ശ്രീ.ഹംസ.വി.പി | 20.06.2018 മുതൽ 14.09.2018 വരെ |
| | ശ്രീമതി.സുമില.കെ.പി | 15.09.2018 മുതൽ 31.03.2019 വരെ |
| അസി. സെക്രട്ടറി | ശ്രീമതി. കെ.കെ. പവിത്ര | 01.04.2018 മുതൽ 05.03.2018 വരെ |
| | ശ്രീമതി. ജിഷ.സി.ടി | 06.03.2018 മുതൽ 31.03.2019 വരെ |

**ഉള്ളടക്കം**


| ക്രമ നം. | ഭാഗം-1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം (എ.സി.ആർ. പ്രകാരം) | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | ആഭ്യന്തരനിയന്ത്രണം | 1-10 |
| 11 | മറ്റു ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | വാർഷിക കണക്കുകളിലെ അപാകതകൾ | 1-12 |
| 13 | പദ്ധതിമാർഗ്ഗ നിർദ്ദേശം പാലിക്കാതെ ധനകാര്യകമ്മീഷൻ ഗ്രാന്റ് വിനിയോഗിച്ചു | 1-13 |
| 14 | ലാപ് ടോപ്പ് വിതരണം -- സബ്സിഡി മാർഗ്ഗരേഖാ നിർദ്ദേശങ്ങൾ പാലിച്ചില്ല | 1-14 |
| 15 | കരാർ വയ്ക്കുന്നതിന് കാലതാമസം - കരാറുകാരനിൽ നിന്ന് പിഴ ഈടാക്കിയിട്ടില്ല | 1-15 |
| 16 | തെറ്റായ നിരക്കിൽ കോസ്റ്റ് ഇൻഡക്സ് നൽകി പ്രവൃത്തി നടത്തുന്നു | 1-16 |

| | | |
|---|---|---|
| 17 | പ്രവർത്തി പൂർത്തിയാക്കുന്നതിൽ കാല താമസം കരാറുകാരനിൽ നിന്ന് പിഴ ഈടാക്കുന്നില്ല. | 1-17 |
| 18 | നിലവിൽ വനിതാ വ്യവസായ കേന്ദ്രമായി പ്രവർത്തിക്കാത്ത കെട്ടിടത്തിൽ വനിതാവ്യവസായ കേന്ദ്രം നവീകരണത്തിനായി പദ്ധതി നടപ്പാലാക്കി | 1-18 |
| 19 | അങ്കണവാടികളുടെ വൈദ്യുതീകരണം : പ്രവൃത്തി നിർവ്വഹണത്തിലെ അപാകത | 1-19 |
| 20 | തുറന്ന കുടിവെള്ളകിണർ ശുചിത്വമുള്ള കുടിവെള്ള കിണറാക്കിമാറ്റൽ -പ്രോജക്ട് നിർവഹണത്തിലെ അപാകതകൾ | 1-20 |
| 21 | പെൻഷൻ കോൺ ട്രിബ്യൂഷൻ അടവാക്കിയില്ല. | 1-21 |
| 22 | കുഴിമ്പാട്ടുകുഴി സാംസ്കാരിക നിലയം പദ്ധതി ലക്ഷ്യം കൈവരിച്ചില്ല | 1-22 |
| 23 | തെരുവുവിളക്ക് സ്ഥാപിക്കൽ : പദ്ധതി നിർവ്വഹണത്തിലെ അപാകത | 1-23 |
| 24 | ഡി&ഒ ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു | 1-24 |
| 25 | തൊഴിൽ നികുതി പൂർണ്ണമായും ഡിമാന്റ് ചെയ്തു എന്നുറപ്പുവരുത്തിയില്ല | 1-25 |
| 26 | ആർദ്രം പദ്ധതി-ഒരു അവലോകനം | 1-26 |
| 27 | ലൈഫ് പദ്ധതി-അവലോകനം | 1-27 |
| 28 | ഹരിതകേരളം മിഷൻ പദ്ധതി -അവലോകനം | 1-28 |
| 29 | പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം - ഗ്രാമപഞ്ചായത്ത് തലത്തിൽ | 1-29 |
| 30 | വസ്തുനികുതി ഇളവ് അനുവദിക്കൽ-ചട്ടങ്ങൾ പാലിക്കുന്നില്ല. | 1-30 |
| 31 | എസ്.എസ്.എ - എസ്.സി.പി.വിഹിതം ആനുപാതികനിരക്കിലും അധികം നൽകി | 1-31 |
| 32 | വസ്തുനികുതി കണക്കാക്കുന്നതിലെ അപാകതകൾ | 1-32 |
| 33 | പാലിയേറ്റീവ് പരിചരണ പദ്ധതി - മുഴുവൻ തുകയ്ക്കുള്ള ഉപകരണങ്ങൾ ലഭ്യമായിട്ടില്ല | 1-33 |
| 34 | വികലാംഗർക്ക് സൈഡ് വീൽ സ്കൂട്ടർ അനുവദിക്കൽ- പദ്ധതി നടത്തിപ്പിലെ അപാകതകൾ | 1-34 |
| 35 | ഗുണനിലവാരം ഉറപ്പു വരുത്താതെ ഭക്ഷ്യ മിശ്രിതം വിതരണം ചെയ്തു | 1-35 |
| 36 | ആയുർവ്വേദ ആശുപത്രിച്ചുറ്റു മതിൽ നിർമ്മാണംപ്രവർത്തി നടന്നില്ല പ്രൊജക്ട് തെറ്റായരീതിയിൽ റിവൈസ് ചെയ്ത് ഇതേ പേരിൽ മറ്റ് പ്രവർത്തികൾ നടത്തി. | 1-36 |
| 37 | പരനിലം എസ്.സി കുടിവെള്ള പദ്ധതി പൂർത്തീകരണം പദ്ധതി നടത്തിപ്പിലെ അപാകതകൾ | 1-37 |
| 38 | ജാഗ്രതാ സമിതി ശക്തിപ്പെടുത്തൽ - പദ്ധതി നടപ്പിനായി വാങ്ങിയ ലാപ് ടോപ്പ് ഉപയോഗിക്കാത്തതിനാൽ പദ്ധതി പണം പാഴായി | 1-38 |
| 39 | പൊതു മരാമത്ത് പ്രവർത്തി ബില്ലിൽ നിന്ന് ഓവർ ഹെഡ് ചാർജ് ഈടാക്കുന്നത് സംബന്ധിച്ച് | 1-39 |
| | ഭാഗം-2 | |
| | ഇല്ല | |
| | ഭാഗം-3 | |
| 40 | ലാപ് ടോപ്പ് വിതരണം -- സബ്സിഡി മാർഗ്ഗരേഖാ നിർദ്ദേശങ്ങൾ പാലിച്ചില്ല | 3-1 |
| 41 | തുറന്ന കുടിവെള്ളകിണർ ശുചിത്വമുള്ള കുടിവെള്ള കിണറാക്കിമാറ്റൽ -പ്രോജക്ട് നിർവഹണത്തിലെ അപാകതകൾ | 3-2 |
| 42 | ഭാഗം-4 | |
| 43 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 44 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 45 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 46 | വായ്പ/വായ്പ തിരിച്ചടവ് | 4-4 |
| 47 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| | | |

| | | |
|---|---|---|
| 48 | ഓഡിറ്റ് റിക്കവറി | 4-6 |
| 49 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 50 | ചാർജ്/സർചാർജ് നടപടി വിവരം | 4-8 |
| 51 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 52 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-10 |


# ഭാഗം -1
# ഓഡിറ്റ് റിപ്പോർട്ട്.

## 1-1 ബജറ്റ്

28-0-2018 തീയതിയിലെ 1(1) തീരുമാനപ്രകാരം ബജറ്റ് അംഗീകരിച്ചിട്ടുണ്ട്. കേരള പഞ്ചായത്തീ രാജ് നിയമം സെക്ഷൻ 214 പ്രകാരം ബജറ്റ് തയ്യാറാക്കുമ്പോൾ ചുവടെ ചേർക്കുന്ന നടപടിക്രമങ്ങൾ പാലിക്കേണ്ടതായിരുന്നു.

(എ) സർക്കാർ അതതുസമയങ്ങളിൽ പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങൾക്കും നിർണ്ണയിക്കുന്ന ചട്ടങ്ങൾക്കും വിധേയമായി 175ാം വകുപ്പനുസരിച്ച് തയ്യാറാക്കിയതും അനുവദിച്ചതുമായ വികസന പദ്ധതികളുടെ ചെലവ് ഉൾപ്പെടെ അടുത്ത വർഷത്തേക്ക് ഉണ്ടാകാനിടയുള്ള ചെലവുകളുടെ വിശദമായ എസ്റ്റിമേറ്റ് അടങ്ങുന്ന ബജറ്റ് നിർദ്ദേശങ്ങൾ ഓരോ വർഷവും ജനുവരി 15നു മുമ്പായി സെക്രട്ടറിയും അതതു വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥന്മാരും നൽകുന്ന എസ്റ്റിമേററും നിർദ്ദേശങ്ങളും പരിഗണിച്ച് ബന്ധപ്പെട്ട സ്റ്റാൻഡിംഗ് കമ്മിററികൾ തയ്യാറാക്കേണ്ടതും അത് ധനകാര്യ സ്റ്റാൻഡിംഗ് കമ്മിററിക്ക് നൽകേണ്ടതുമാണ് [സെക്ഷൻ 214 (1)]. എന്നാൽ വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ സമർപ്പിച്ച പ്രൊപ്പോസലുകളും ആയതിനെ അടിസ്ഥാനമാക്കി വിവിധ സ്റ്റാൻഡിംഗ് കമ്മിററികൾ തയ്യാറാക്കിയ ബജററ് നിർദ്ദേശങ്ങളും ഉൾക്കൊള്ളുന്ന 2018-19 ലെ ബജററ് ഫയൽ പരിശോധനക്ക് ആവശ്യപ്പെട്ടെങ്കിലും ബജററ് ഫയൽ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. അത്തരത്തിൽ ഫയൽ സൂക്ഷിച്ചിട്ടില്ലെന്നു കാണുന്നു. ചട്ടപ്രകാരം ബജററ് തയ്യാറാക്കുന്നതിനുള്ള നടപടിക്രമങ്ങൾ പാലിക്കപ്പെടുന്നതിൽ വീഴ്ചകളുള്ളതായി ഇതിൽ നിന്നും വ്യക്തമാകുന്നു.

(ബി) എല്ലാ വർഷവും മാർച്ച് മാസത്തെ ആദ്യവാരത്തിന് മുമ്പായി ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ബജറ്റ് ഭരണസമിതിയിൽ അംഗീകാരത്തിനായി വയ്ക്കേണ്ടതാണ് [ സെക്ഷൻ 214 (1എ)]. എന്നാൽ 2018-19ലെ ബജററ് ധനകാര്യ സ്റ്റാൻഡിംഗ് കമ്മിററി ഭരണസമിതിയിൽ വെയ്ക്കുന്നത് മാർച്ച് രണ്ടാം വാരത്തിലാണ്.

(സി) 12.2.2019ലെ തീരുമാനം നം.2(1) പ്രകാരം 2018-19 ലെ പുതുക്കിയ ബജററ് ഭരണ സമിതി അംഗീകരിച്ചിട്ടുണ്ട്. എന്നാൽ പുതുക്കിയ ബജററ് പ്രകാരമുള്ള വരവുചെലവുകളും യഥാർത്ഥത്തിലുള്ള വരവുചെലവുകളും തമ്മിൽ വലിയ അന്തരം നിലനിൽക്കുന്നു. സാമ്പത്തിക വർഷത്തിന്റെ അവസാന നാളുകളിൽ തയ്യാറാക്കുന്ന പുതുക്കിയ ബജററ് യഥാർത്ഥ വരവുചെലവു കണക്കുകളുമായി ചേർന്നു നിൽക്കേണ്ടതാണ്. ബജറ്റ് തയ്യാറാക്കുന്നതിൽ ധനകാര്യ സ്റ്റാന്റിംഗ്കമ്മിറ്റി നേതൃത്വപരമായ പങ്ക് വഹിക്കേണ്ടതും ഇത് തയ്യാറാക്കുന്ന ബജറ്റിൽ പ്രതിഫലിക്കേണ്ടതുമാണ്.

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31-07-2019 | 04-05-2019 |

## 1-3 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| | | |

| | | |
|---|---|---|
| 2018-19 | 09-07-2019 മുതൽ 10.07.2019 വരെ | കെ.എസ്.എ/കെ.കെ.ഡി/ ഇ2/867/2019(37)/01.08.2019 |
| | | |

# 1-4 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 4325888 |
| വരവ് | 64863895 |
| ആകെ | 69189783 |
| ചെലവ് | 59171889 |
| നീക്കിയിരിപ്പ് | 10017894 |

# 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | | 0 | 13483975 | 13483975 | 13483975 | 0 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | | 0 | 5810286 | 5810286 | 5810286 | 0 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | | 0 | 383306 | 383306 | 383306 | 0 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | | 0 | 4847413 | 4847413 | 4847413 | 0 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | | 0 | 2668119 | 2668119 | 2668119 | 0 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | | 0 | 7079000 | 7079000 | 7079000 | 0 |
| എം.ജി.എൻ.ആർ.ഇ.ജി.എസ് | തൊഴിലാളികളുടെ കൂലി | 0 | 16038865 | 16038865 | 16038865 | 0 |
| | അഡ്മിനിസ്റ്റേറ്റീവ് ചെലവ് | 3761 | 460679 | 464440 | 456390 | 8050 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ (ഇനം തിരിച്ച് ചേർക്കുക) എം.പി.ഫണ്ട് | | 48849 | 1374574 | 1423423 | 1374574 | 48996 |
| പൈക്ക | | 212832 | 0 | 212832 | 190570 | 22262 |
| ഐ.സി.ഡി.എസ് | | 716095 | 943994 | 1660089 | 1500000 | 160089 |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ (ഇനം തിരിച്ച് ചേർക്കുക) കേരളോൽസവം | | 0 | 20000 | 20000 | 0 | 20000 |
| ശുചിത്വ മിഷൻ | | 294500 | 1605468 | 1899968 | 170000 | 1729968 |
| വിമുക്തി | | 51527 | 25000 | 76527 | 0 | 76527 |
| എസ്.ടി കോർപ്പസ് ഫണ്ട് | | 0 | 2000000 | 0 | 2000000 | 2000000 |
| പാഡി ഇൻസെന്റീവ് | | 0 | 25000 | 25000 | 25000 | 0 |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ബ്ലോക്ക് പഞ്ചായത്ത് | 484523 | 2079480 | 2564003 | 1899480 | 664523 |
| | ജില്ലാ പഞ്ചായത്ത് | 865000 | 642709 | 1507709 | 1267279 | 240430 |
| | | | | | | |

| | | | | | | |
|---|---|---|---|---|---|---|
| ജനറൽ പർപ്പസ് ഗ്രാന്റ് | | 279920 | 10720867 | 11000787 | 7013294 | 3987493 |
| തനത് ഫണ്ട് | ബാങ്ക് അക്കൗണ്ട് | 3766922 | 7217535 | 10984457 | 4793953 | 6190504 |
| | ട്രഷറി അക്കൗണ്ട് | -367366 | 10720867 | 10353501 | 6669795 | 3683706 |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 170 | 59953167 | 131 | 41528424 | - | 39 | 77 |

ഡി.പി.സി. അഗീകാരം ലഭിച്ച 171പ്രൊജക്ടുകളിൽ 139 പുതിയ പ്രൊജക്ടുകളും 32 സ്പിൽഓവർ പ്രൊജക്ടുകളുമാണ് ഉണ്ടായിരുന്നത്. ഇതിൽ 131എണ്ണം മാത്രമാണ് ഓഡിററു വർഷം പൂർത്തീകരിച്ചിട്ടുള്ളത്. ബാക്കിയുള്ള 40 പ്രൊജക്ടുകൾ തീർത്തും നടപ്പാക്കാൻ കഴിഞ്ഞിട്ടില്ല. ഡി.പി.സി.അംഗീകാരം ലഭിച്ച 92 മരാമത്തു പ്രൊജക്ടുകളിൽ 73 പ്രവൃത്തികളാണ് തൻവർഷം നടപ്പാക്കിയിട്ടുള്ളത്. സാങ്കേതികാനുമതിക്കായി പ്രൊജക്ടുകൾ സമർപ്പിക്കുന്നതിൽ അനാവശ്യ കാലതാമസം വന്നതിനാലും സാങ്കേതികാനുമതി ലഭിച്ചതിനുശേഷം ടെണ്ടർ നടപടികൾ പൂർത്തിയാക്കി കരാറുകാരുമായി സാമ്പത്തിക വർഷം അവസാനിക്കുന്നതിനു മുമ്പ് കരാർ വെയ്ക്കാൻ സാധിക്കാത്തതിനാലും ചില പ്രൊജക്ടുകൾ സ്പിൽഓവറായി കൊണ്ടുവരാൻ സാധിക്കാത്ത അവസ്ഥയിൽ ഒഴിവാക്കപ്പെട്ടിട്ടുണ്ട്. മിനുട്സ് ബുക്ക് പരിശോധിച്ചതിൽ മരാമത്ത് വർക്കിംഗ് ഗ്രൂപ്പിന്റെ പ്രവർത്തനം വേണ്ടത്ര കാര്യക്ഷമമല്ലെന്നു കാണുന്നു. വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങളിൽ പദ്ധതിയുടെ വിവിധ ഘട്ടങ്ങൾ അവലോകനം ചെയ്യുകയോ നിർവ്വഹണത്തിലെ പോരായ്മകൾ പരിഹരിക്കുന്നതിന് നിർദ്ദേശങ്ങൾ സമർപ്പിക്കുകയോ ചെയ്തതായി കാണുന്നില്ല. ഇത് പദ്ധതി നിർവ്വഹണത്തെ സാരമായി ബാധിച്ചിട്ടുണ്ട്.

ഉൽപാദനമേഖലയിൽ ഒട്ടു മിക്ക പ്രൊജക്ടുകളും നടപ്പിലാക്കിയിട്ടുണ്ട്. കാർഷിക മേഖലയിലും മൃഗസംരക്ഷണ മേഖലയിലും പതിവു ശൈലിയിലുള്ള പ്രൊജക്ടുകൾ തന്നെയാണ് നടപ്പിലാക്കിയിട്ടുള്ളത്. ഹരിതകേരളം മിഷന്റെ പ്രധാന ലക്ഷ്യങ്ങൾ ഭക്ഷ്യവസ്തുക്കളുടെ ഉത്പാദനം വർദ്ധിപ്പിക്കുകയും കൃഷി ഭൂമിയുടെ വിസ്തൃതി വർദ്ധിപ്പിക്കുകയുമാണ്. സ്റ്റാറ്റസ് റിപ്പോർട്ട് പ്രകാരം പഞ്ചായത്തിൽ 15 ഹെക്ടർ തരിശുഭൂമിയുള്ളതിൽ 10 ഹെക്ടർ കൃഷിയോഗ്യമാണെങ്കിലും അത് കൃഷിക്ക് ഉപയുക്തമാക്കുന്നതിനുള്ള പ്രൊജക്ടുകളൊന്നും പഞ്ചായത്ത് രൂപീകരിച്ചിട്ടില്ല. ആരോഗ്യ മേഖലയിൽ പാലിയേറ്റീവ് കെയർ പദ്ധതിക്കായി മരുന്നും മെഡിക്കൽ അനുബന്ധ ഉപകരണങ്ങളും വാങ്ങുന്നതിനായി കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷന് തുക കൈമാറിയിട്ടുണ്ടെങ്കിലും ഒരു വർഷമായിട്ടും ഉപകരണങ്ങൾ പൂർണ്ണമായും ലഭിച്ചിട്ടില്ല. ഇക്കാര്യത്തിൽ തുടർ നടപടികളൊന്നും നിർവ്വഹണ ഉദ്യോഗസ്ഥനോ ഭരണസമിതിയോ കൈക്കൊണ്ടിട്ടില്ല. ആരോഗ്യമേഖലയിലെ പ്രൊജക്ടുകൾ ആർദ്രം പദ്ധതിയുമായി സംയോജിപ്പിച്ച് നടപ്പിലാക്കുന്നതിന് നടപടികൾ ആരംഭിച്ചിട്ടില്ല. മാലിന്യ സംസ്കരണ മേഖലയിൽ വിവിധ പ്രൊജക്ടുകൾക്കായി തുക വകയിരുത്തിയിരുന്നുവെങ്കിലും പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്ന് ശേഖരിക്കുന്ന പ്ലാസ്റ്റിക് മാലിന്യങ്ങൾ നിറവ് സീറോ വേസ്ററ് മാനേജ്മെന്റ് മുഖേന ഡിസ്പോസ് ചെയ്യുന്ന പ്രൊജക്ടും വീടുകളിൽ റിംഗ്കമ്പോസ്റ്റ് സ്ഥാപിക്കുന്ന പ്രൊജക്ടും മാത്രമാണ് നടപ്പിലാക്കിയിട്ടുള്ളത്. മാലിന്യസംസ്കരണം, സ്കൂളുകൾക്ക് ബയോഗ്യാസ് സ്ഥാപിക്കൽ, യു.പി,എൽ.പി.സ്കൂളുകൾക്ക് പോർട്ടബിൾ ബയോഗ്യാസ് സ്ഥാപിക്കൽ തുടങ്ങിയ പ്രൊജക്ടുകൾ നടപ്പിലാക്കിയിട്ടില്ല. കട്ടം പുറത്ത് താഴം മൂന്നാം പുഴതോടിന്റെ സൈഡിലുള്ള പുറമ്പോക്ക് ഭൂമി സർവ്വെ ചെയ്ത് അളന്ന് തിട്ടപ്പെടുത്തി സർവ്വെ കല്ലുകൾ സ്ഥാപിക്കുന്ന പ്രവൃത്തി പുരോഗമിക്കുന്നു. ലൈഫ് മിഷൻ പദ്ധതിയിൽ കരട് ഗുണഭോക്തൃ പട്ടിക പ്രസിദ്ധപ്പെടുത്തുന്നതിന് കുടുംബശ്രീ തയ്യാറാക്കി നൽകിയ അർഹരായവരുടെ ഗുണഭോക്തൃപട്ടിക പരിശോധിച്ച് അംഗീകാരം നൽകുന്നതിനായി തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിൽ സ്ക്രൂട്ടനി ആൻഡ് അപ്പീൽ കമ്മിറ്റിയ്ക്ക് രൂപം നൽകേണ്ടതാണ്. അത്തരമൊരു കമ്മിറ്റി രൂപീകരിച്ചതിന്റെ വിശദാംശങ്ങൾ ലഭ്യമല്ല.

സർക്കാരിന്റെ പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം പദ്ധതിയിലെ ലക്ഷ്യങ്ങൾ സാക്ഷാത്കരിക്കുന്ന വിധത്തിലുള്ള ചർച്ചകളോ, നിർദ്ദേശങ്ങളോ വിദ്യാഭ്യാസ വർക്കിംഗ് ഗ്രൂപ്പിൽ നടന്നു കാണുന്നില്ല. ഗ്രാമപ്രദേശങ്ങളിലെ വിദ്യാർത്ഥികളിൽ ഇംഗ്ലീഷ് ഭാഷാ പ്രാവീണ്യമുൾപ്പെടെ ആശയവിനിമയശേഷി വർദ്ധിപ്പിക്കുന്നതിനും ലാബോറട്ടറി, ലൈബ്രറി സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും ആവശ്യമായ പ്രൊജക്ടുകൾ ഏറ്റെടുത്തു നടപ്പാക്കിയിട്ടില്ല. ക്രൂസ് മുഖേന തെരുവു വിളക്കുകൾ സ്ഥാപിക്കുന്ന പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ടെങ്കിലും മുഴുവൻ തുകയും ക്രൂസിന് അനുവദിച്ചിട്ടില്ല. സാധനങ്ങളും സേവനങ്ങളും വാങ്ങുന്നതു സംബന്ധിച്ച് കൃത്യമായ പ്രൊക്യൂർമെന്റ് പ്ലാനും ബജറ്റും ഗ്രാമപഞ്ചായത്ത് തയ്യാറാക്കിയിട്ടില്ല.ഒരേ സാധനങ്ങൾ വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർക്ക് പല പ്രൊജക്ടുകൾ മുഖേന പലപ്പോഴായി വാങ്ങുന്ന രീതി ഗ്രാമപഞ്ചായത്ത് അവലംബിച്ചു കാണുന്നു.

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 3761 | 460679 | 464440 | 456390 | 8050 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 16038865 | 16038865 | 16038865 | 0 |

## 1-8 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 297840 | 180 |
| കർഷകതൊഴിലാളി പെൻഷൻ | 6502000 | 1541 |
| വിധവാപെൻഷൻ | 13854200 | 3210 |
| വാർദ്ധക്യകാലപെൻഷൻ | 14618000 | 3314 |
| വികലാംഗപെൻഷൻ | 4176700 | 944 |
| 50 വയസ്സിനു മുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 1278300 | 295 |
| വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായം | 180000 | 6 |

## 1-9 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 09.10.2019ന് സ്ഥാപനതലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 1,21,275/രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തര നിയന്ത്രണ സംവിധാനം

ഗ്രാമപഞ്ചായത്തിന്റെ ഭരണ കാര്യക്ഷമത ഉറപ്പുവരുത്തുന്നതിന് ഫലപ്രദമായ ആഭ്യന്തര നിയന്ത്രണസംവിധാനം അത്യന്താപേക്ഷിതമാണ്. വിവിധ മേഖലയിലെ പ്രവർത്തനം വിലയിരുത്തുമ്പോൾ ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം കൂടുതൽ മെച്ചപ്പെടേണ്ടതുണ്ടെന്ന് ബോധ്യപ്പെടുന്നു.

1. സർക്കാർ, അർദ്ധസർക്കാർ സ്ഥാപനങ്ങളൊഴികെയുള്ള സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും ടെയിഡേഴ്സിൽ നിന്നും മറ്റുള്ളവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നത് നിശ്ചിത മാതൃകയിലുള്ള റിട്ടേണിൽ അവരുടെ വരുമാനം സംബന്ധിച്ച വിവരം ലഭ്യമാക്കിയല്ല. ഇത് നികുതി നിർണ്ണയത്തിൽ അപാകതയ്ക്ക് കാരണമാകുന്നു.

2. ഗ്രാമപഞ്ചായത്തിലെ വിവിധ വരവിനങ്ങൾ പിരിച്ചെടുക്കുന്നതിലെ പുരോഗതി വിലയിരുത്തേണ്ട ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി, മാസാന്ത്യ വരവ് ചെലവുകൾ പരിശോധിച്ച് അംഗീകരിക്കുന്നുണ്ട്. കൂടാതെ വസ്തുനികുതി സംബന്ധിച്ച് 100% പിരിവ് ഉറപ്പുവരുത്തുന്നതിന് ഇടപെടലുകൾ നടത്തിയിട്ടുമുണ്ട്. എന്നാൽ തൊഴിൽ നികുതി, ഡി&ഒ ലൈസൻസ് തുടങ്ങിയ വരവിനങ്ങളുടെ കാര്യത്തിൽ വേണ്ടത്ര വിലയിരുത്തലുകളോ ഇടപെടലുകളോ കമ്മിറ്റി നടത്തിയിട്ടില്ല. പഞ്ചായത്തിന്റെ തനതു വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി പുതിയ നികുതി നിർദ്ദേശങ്ങളൊന്നുംതന്നെ ധനകാര്യ സ്റ്റാൻഡിംഗ് കമ്മിററി യോഗങ്ങളിൽ ഉയർന്നു വന്നിട്ടില്ല.

3. സാധനങ്ങളും സേവനങ്ങളും വാങ്ങുന്നതു സംബന്ധിച്ച് കൃത്യമായ പ്രൊക്യൂർമെന്റ് പ്ലാനും ബജറ്റും ഗ്രാമപഞ്ചായത്ത് തയ്യാറാക്കിയിട്ടില്ല. വാങ്ങേണ്ടി വരുന്ന സാധനങ്ങളുടെയും സേവനങ്ങളുടെയും മൊത്തത്തിലുള്ള കണക്കെടുപ്പ് വാർഷാരംഭത്തിൽ തന്നെ നടത്തി സമാഹരണ രീതി ആരംഭിക്കുന്നതിനുപകരം ഒരേ സാധനങ്ങൾ വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർക്ക് പല പ്രൊജക്ടുകൾ മുഖേന പലപ്പോഴായി വാങ്ങുന്ന രീതി ഗ്രാമപഞ്ചായത്ത് അവലംബിച്ചു കാണുന്നു. ഇതുമൂലം സാധനങ്ങൾ വാങ്ങുമ്പോൾ സാധന വിലയിൽ ഉണ്ടാകാവുന്ന കിഴിവ് സ്ഥാപനത്തിന് നഷ്ടമായതിനോടൊപ്പം പല തവണയായി ടെണ്ടർ/ക്വട്ടേഷൻ ക്ഷണിക്കുമ്പോഴുണ്ടാകുന്ന പ്രയാസങ്ങൾ നേരിടേണ്ടതായും വന്നു. വാങ്ങൽ പദ്ധതി തയ്യാറാക്കുന്നതിന്റേയും അന്തിമമാക്കുന്നതിന്റേയും പ്രധാന ചുമതല പ്രൊക്യൂർമെന്റ് ടീമിനാണ്. പ്രൊക്യൂർമെന്റ് ടീമിനെ നയിക്കേണ്ടതും ടീമിന്റെ മേൽനോട്ടം വഹിക്കേണ്ടതും പ്രൊക്യൂർമെന്റ് കമ്മിററിയാണ്. എന്നാൽ വാങ്ങലുകൾ നടത്തുന്നതിനായി കമ്മററി നിർവ്വഹണ ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തുന്ന രീതിയാണ് അവലംബിച്ചിട്ടുള്ളത്.

4. കെട്ടിട നിർമ്മാണ പെർമിററ് രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ അപൂർണ്ണമായതിനാൽ അപേക്ഷ ലഭിച്ചതു മുതൽ പൂർത്തീകരണം നടത്തി നമ്പർ നൽകുന്നതുവരെയുള്ള വിവിധ ഘട്ടങ്ങൾ നിരീക്ഷിക്കുന്നതിന് സാധ്യമാകുന്നില്ല. കെട്ടിട നിർമ്മാണ അപേക്ഷയിന്മേൽ കൃത്യമായ പരിശോധനകൾ നടത്തുന്നതിൽ വീഴ്ച വരുത്തുന്നതിനാൽ അനധികൃത നിർമ്മാണമുണ്ടായിരിക്കാനുള്ള സാധ്യത നിലനിൽക്കുന്നുവെങ്കിലും തുടർനടപടി കാര്യക്ഷമമല്ല.

5. നികുതികൾ, നികുതിയേതര വരുമാനങ്ങൾ എന്നിവ ഡിമാന്റ് ചെയ്യുന്നതിൽ നിശ്ചിതമായ ഒരു നടപടിക്രമം സ്ഥാപനം പാലിക്കുന്നില്ല. ഇതുമൂലം വലിയ അളവിൽ വരുമാനം നഷ്ടം സ്ഥാപനത്തിനുണ്ടാകുന്നുണ്ട്. ഗ്രാമപഞ്ചായത്തിന്റെ അനിവാര്യ ചുമതലകൾ നിർവ്വഹിക്കുന്നതിനും മറ്റും വളരെയേറെധികം ബുദ്ധിമുട്ടനുഭവപ്പെടുന്ന സാഹചര്യത്തിലും നിലവിലുള്ള തനതു വരുമാനം കൃത്യമായി പിരിച്ചെടുക്കുന്നതിന് ഗ്രാമപഞ്ചായത്ത് ശ്രദ്ധചെലുത്തുന്നില്ല.

6. രശീതി പ്രകാരമുള്ള ദൈനംദിന പണംപിരിവ്, ഒടുക്ക്, എന്നീ പ്രവർത്തനങ്ങൾ പരിശോധിച്ച് സാക്ഷ്യപ്പെടുത്തി വരവിന്റെ കൃത്യത പരിശോധിച്ച് ഉറപ്പുവരുത്തുന്നതിന് മേൽനോട്ട സംവിധാനം കാര്യക്ഷമമല്ലെന്നു കാണുന്നു.

7. വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികളുടെ കീഴിലുള്ള മേഖലകളിലെ പദ്ധതി നിർവ്വഹണം മോണിറ്റർ ചെയ്യുന്നതിൽ ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പുകളും സ്റ്റാന്റിംഗ് കമ്മിറ്റികൾ തന്നെയും വീഴ്ചവരുത്തിയിട്ടുണ്ട്. ചെലവഴിച്ച പദ്ധതിപ്പണം സമയബന്ധിതമായും കാര്യക്ഷമമായും വിനിയോഗിക്കപ്പെട്ടിട്ടുണ്ട് എന്ന് ഉറപ്പുവരുത്താൻ സ്ഥാപനതലത്തിൽ ഏർപ്പെടുത്തിയ കൺട്രോളിംഗ് സംവിധാനം ഇത് മൂലം ഫലപ്രദമായില്ല.

മേൽ അപാകതകൾ പരഹരിക്കുന്നതിനായി താഴെ പറയുന്ന ക്രമീകരണങ്ങൾ നിയന്ത്രണ സംവിധാനങ്ങളിൽ വരുത്തേണ്ടതുമാണ്.

എ) നികുതികൾ, നികുതിയേതര വരുമാനങ്ങൾ എന്നിവ ഡിമാന്റ് ചെയ്യുന്നതിൽ നിയമത്തിലും ചട്ടത്തിലും നിഷ്കർഷിക്കുന്ന നടപടിക്രമങ്ങൾ പാലിക്കേണ്ടതാണ്.

ബി) കെട്ടിടനിർമ്മാണം, മാലിന്യസംസ്കരണം, ഡി&ഒ ലൈസൻസ്, ശുചിത്വം തുടങ്ങി ഗ്രാമപഞ്ചായത്തിനെ ചുമതലയേല്പിച്ച മേഖലകളിലെ നിയമലംഘനങ്ങൾ റിപ്പോർട്ട് ചെയ്യേണ്ട ഉത്തരവാദിത്വം ഓഫീസ് ഉത്തരവ് മുഖേന ഫീൽഡ് സ്ററാഫിനെ ഏല്പിക്കേണ്ടതും, റിപ്പോർട്ടുകൾ ലഭ്യമാകുന്ന മുറയ്ക്ക് നടപടികൾ സ്വീകരിക്കാനുള്ള സംവിധാനങ്ങൾ ഒരുക്കേണ്ടതുമാണ്.

സി) വരുമാനവും വിവിധ നിയന്ത്രണ സംവിധാനങ്ങളും വിലയിരുത്തുന്നതിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റികൂടുതൽ ശ്രദ്ധ പതിപ്പിക്കേണ്ടതും ഇതിനായി എല്ലാ യോഗങ്ങളിലും സ്ഥിരം അജണ്ടയായി ഇത് സ്വീകരിക്കാവുന്നതുമാണ്.

ഡി) ക്രമനം 1,2,4,6എന്നിവയിൽ പരാമർശിച്ച അപാകതകൾ ഈ റിപ്പോർട്ട് കിട്ടിയയുടൻ പരിഹരിക്കേണ്ടതാണ്.

എഫ്) സ്റ്റാന്റിംഗ് കമ്മിറ്റികൾ അവയിൽ നിക്ഷിപ്തമായ ഉത്തരവാദിത്വങ്ങൾ നിർവ്വഹിക്കുന്നുവെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

ജി) പ്രതിമാസ വരവുചെലവു കണക്ക് അംഗീകരിക്കുമ്പോൾ കണക്കുകളുമായി ബന്ധപ്പെട്ട രേഖകളും രജിസ്റ്ററുകളും ഫയലുകളും കൃത്യമായി സൂക്ഷിക്കുന്നുണ്ടോയെന്നും ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തുന്നുണ്ടൊയെന്നും കൃത്യമായ ഉത്തരവുകളുടെയും രേഖകളുടെയും അടിസ്ഥാനത്തിലാണ് തുക ചെലവഴിക്കുന്നതെന്നും ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ഉറപ്പുവരുത്തേണ്ടതാണ്.

മേൽ നിർദ്ദേശങ്ങൾ നടപ്പിലാക്കിയതു സംബന്ധിച്ച റിപ്പോർട്ടും, അതുമൂലം അതാതു മേഖലകളിലുണ്ടായ മാറ്റങ്ങളുടെ വിവരവും ലഭ്യമാക്കി പരാമർശം ഒഴിവാക്കാവുന്നതാണ്.

# 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 17.08.2019-19.08.2019 | 01.04.2019-31.07.2019 | PAU.1ടീ1-03-12/2018/24.08.2019 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 23.12.15-07.01.2016 | 2010-11 -2014-15 | LBA/AR.(HQ)VI8A-2371/388 |

# 1-12 വാർഷികകണക്കുകളിലെ അപാകതകൾ

2018-19 വാർഷിക കണക്കിലെ താഴെ പറയുന്ന അപാകതകൾ പരിഹരിക്കുവാൻ അവശേഷിക്കുന്നു.

1. 2017-18 വർഷത്തെ വാർഷിക കണക്കിൽ വസ്തു നികുതി കുടിശ്ശികയില്ല. എന്നാൽ പഞ്ചായത്തിലെ 2018-19 വർഷത്തെ സഞ്ചയ ഡിമാന്റ് റജിസ്റ്റർ പ്രകാരം വസ്തു നികുതി കുടിശിശിക ഡിമാന്റ്, കുടിശിശിക പിരിച്ചെടുത്തിട്ടുണ്ട്.
2. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.
3. ക്ലോസിംഗ് സ്റ്റോക്കിന്റെ മൂല്യം തൻവർഷം നടത്തിയ പർചേസുകളുടെ മൂല്യം ഓപ്പണിംഗ് സ്റ്റോക്കിന്റെ മൂല്യം എന്നിവ ഉൾപ്പെടുത്തി സ്റ്റോക്ക് റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല.
4. .വാർഷിക കണക്കിൽ അടിസ്ഥാന അനുപാതങ്ങൾ, അക്കൗണ്ടിംഗ് നയങ്ങളെക്കുറിച്ചുള്ള കുറിപ്പുകൾ എന്നിവ ഉൾപ്പെടുത്തിയിട്ടില്ല.

അപാകതകൾ പരിഹരിക്കേണ്ടതാണ്.

# 1-13 പദ്ധതിമാർഗ്ഗ നിർദ്ദേശം പാലിക്കാതെ ധനകാര്യകമ്മീഷൻ ഗ്രാന്റ് വിനിയോഗിച്ചു

പ്രൊജക്റ്റ് നം. 5/19

അടങ്കൽ : 75000/- രൂപ

ചെലവുതുക : 73070/- രൂപ (ബിൽ നം.41/18-19/23.3.2019)

നിർവ്വഹണം : സെക്രട്ടറി

ജി.ഒ.(എം.എസ്.)നം.11/2018/ത.സ്വ.ഭ.വ./തീ.29.1.2018 പ്രകാരം പുറപ്പെടുവിച്ച പതിമൂന്നാം പദ്ധതി മാർഗ്ഗരേഖ ഖണ്ഡിക 6.6 അനുസരിച്ച് താഴെ പറയുന്ന അടിസ്ഥാന സേവന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും വിപുലപ്പെടുത്തുന്നതിനും മാത്രമായിരിക്കണം പതിനാലാം ധനകാര്യകമ്മീഷൻ ഗ്രാന്റ് വിനിയോഗിക്കേണ്ടത്.

(i) കുടിവെള്ള പ്രൊജക്ടുകൾ

(ii) ശുചിത്വം, കക്കൂസ് മാലിന്യ പരിപാലനം

(iii) മലിനജല നിർഗമനം, ഖരമാലിന്യ പരിപാലനം

(iv) ആശുപത്രികൾ, സ്കൂളുകൾ, അങ്കണവാടികൾ തുടങ്ങിയ സാമൂഹ്യ ആസ്തികളുടെ നിർമ്മാണവും അറ്റകുറ്റപണിയും

(v) റോഡുകൾ, നടപ്പാതകൾ എന്നിവയുടെ നിർമ്മാണവും അറ്റകുറ്റ പണിയും

(vi) തെരുവു വിളക്കുകൾ സ്ഥാപിക്കലും മെയിന്റനൻസും

(vii) ശ്മശാനങ്ങൾ സ്ഥാപിക്കലും മെയിന്റനൻസും

എന്നാൽ മേൽ പ്രൊജക്ട് പ്രകാരം അസി.എഞ്ചിനീയറുടെ ഓഫീസിലേക്ക് കമ്പ്യൂട്ടറും മററു അനുബന്ധ ഉപകരണങ്ങളും വാങ്ങുന്നതിന് ധനകാര്യ കമ്മീഷൻ ഗ്രാന്റ് വകയിരുത്തുകയും 73070/-രൂപ ചെലവഴിക്കുകയുമുണ്ടായി. കൈമാറിക്കിട്ടിയ സ്ഥാപനങ്ങൾ മുഖേന പ്രദാനം ചെയ്യുന്ന സേവനം വർദ്ധിപ്പിക്കുന്നതിനും മെച്ചപ്പെടുത്തുന്നതിനും വേണ്ടിയുള്ള സാധനസാമഗ്രികളും ഉപകരണങ്ങളും വാങ്ങുന്നതിന് റോഡിതര മെയിന്റനൻസ് ഫണ്ട് വിനിയോഗിക്കാവുന്നതാണ്.

സർക്കാർ മാർഗ്ഗനിർദ്ദശം പാലിക്കാതെ പതിനാലാം ധനകാര്യകമ്മീഷൻ ഗ്രാന്റ് വകമാററി ചെലവഴിച്ചതിന് വിശദീകരണം ആവശ്യപ്പെട്ടു നൽകിയ ഓഡിററ് എൻക്വയറിക്ക് (നം.3/18-19/11.10.2019) മറുപടി ലഭ്യമാക്കിയിട്ടില്ല. ചെലവു തുക 73070/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ഫണ്ടുകൾ വകമാറ്റി ചെലവഴിക്കുന്നത് ഫണ്ടിന്റെ ദുരുപയോഗമായി കണക്കാക്കുന്നതാണ്. വിവിധ പദ്ധതികൾക്കായി വിഭവ സ്രോതസ്സുകൾ കണ്ടെത്തുമ്പോൾ സർക്കാർ മാർഗ്ഗ നിർദ്ദേശം പാലിച്ചിട്ടുണ്ടെന്ന് ധനകാര്യ സ്റ്റാൻഡിംഗ് കമ്മിററി ഉറപ്പുവരുത്തേണ്ടതാണ്

## 1-14 ലാപ് ടോപ്പ് വിതരണം -- സബ്സിഡി മാർഗ്ഗരേഖാ നിർദ്ദേശങ്ങൾ പാലിച്ചില്ല

പ്രൊജക്ടിന്റെ പേര് - എസ്.ടി. വിദ്യാർത്ഥികൾക്ക് ലാപ് ടോപ് വാങ്ങൽ

പ്രൊജക്ടിന്റെ നമ്പർ -- 96/2019

<u>വകയിരുത്തിയ തുക</u> <u>ചെലവ് തുക</u>

ടി.എസ്.പി -1,40,000 Bill no.3/18-19 തി.27.319 293441/-

ഹെഡ്മാസ്റ്റർ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കിയ മേൽ പദ്ധതി പ്രകാരം പഞ്ചായത്തിൽ താമസക്കാരായ പ്രൊഫഷണൽ കോഴ്സിനു പഠിക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ലാപ് ടോപ് നൽകുകയാണ് ലക്ഷ്യം.

ആയതുപ്രകാരം ടെണ്ടർ വഴി ബിസ്സയർ പവർ സൊലൂഷൻസിൽ നിന്നും ഒരു ലാപ് ടോപ്പിന് 29890/-രൂപപ്രകാരം നാല് ലാപ് ടോപ്പുകൾ വാങ്ങി.(Invoice no:BIZ/C/074 dtd. 7.01.19)

14.02.2018ലെ സർക്കാർ ഉത്തരവ് (കൈ)22/2018 നമ്പർസബ്സിഡി മാർഗ്ഗരേഖ ഖണ്ഡിക 7.2.8 പ്രകാരം ബിരുദം,ബിരുദാനന്തരബിരുദം,പോളിടെക്നിക്(ഡിപ്ളോമ),എഞ്ചിനീയറിംഗ്,മെഡിക്കൽ,കമ്പ്യൂട്ടർ സയൻസ്(ഡിപ്ളോമ,ബിരുദം,ബിരുദാനന്തരബിരുദം)ചാർട്ടേഡ് എക്കൗണ്ടന്റ് ആർട്ടിക്കിൾഷിപ്പ് എന്നീ കോഴ്സുകൾക്ക് സർക്കാർ,എയിഡഡ്,സ്വാശ്രയസ്ഥാപനങ്ങളിലോ,സർവ്വകലാശാലാ അഫിലിയേഷൻ ഉള്ള സ്ഥാപനങ്ങളിലോ പഠിക്കുന്ന പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാര്‍ത്ഥികൾക്ക് സ്ഥാപനമേധാവിയുടെ സാക്ഷ്യപത്രത്തിന്റെ

അടിസ്ഥാനത്തിൽ30,000/-രൂപയിൽ അധികരിക്കാത്ത വിലയുള്ള ലാപ് ടോപ്പ് വാങ്ങി നൽകാവുന്നതാണ്.പദ്ധതി നടത്തിപ്പിലെ അപാകതകൾ താഴെ കൊടുക്കുന്നു.

1.സബ്സിഡി മാർഗ്ഗരേഖപ്രകാരം അനുവദനീയമല്ലാത്ത ആറുമാസത്തെ കമ്പ്യൂട്ടർ കോഴ്സിന് (e-Zone)പഠിക്കുന്ന അക്ഷയ്.ടി.s/oഭാസ്കരൻ,കൈതക്കുഴിയിൽ,മടവൂർ എന്ന വിദ്യാർത്ഥിക്ക് ലാപ് ടോപ്പ് നൽകി.

2.പട്ടികവർഗ്ഗ വികസന വകുപ്പിൽ നിന്നും ഇതേ ആനുകൂല്യം ഗുണഭോക്താക്കൾക്ക് മുമ്പ് നൽകിയിട്ടില്ല എന്ന സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (01/8.10.19)ലഭ്യമാക്കിയ മറുപടിയിൽ അക്ഷയ്.ടി. s/oഭാസ്കരൻ, കൈതക്കുഴിയിൽ, മടവൂർ എന്ന വിദ്യാർത്ഥി ഹാജരാക്കിയ സർട്ടിഫിക്കറ്റിൽ ഡിപ്ലോമ കോഴ്സ് എന്നാണ് കാണിച്ചിട്ടുള്ളതെന്നും ഇതിന്റെ കാലാവധി സംബന്ധിച്ച് വ്യക്തത വരുത്താൻ വിട്ടുപോയതാണെന്നും പിഴവ് മാപ്പാക്കിതരണമെന്നും ആവശ്യപ്പെട്ടിട്ടുണ്ട്.

എന്നാൽ സബ്സിഡി മാർഗ്ഗരേഖയിൽ ആനുകൂല്യം അനുവദിക്കാമെന്ന് വ്യക്തമാക്കാത്ത മേൽ കോഴ്സിൽ പഠിക്കുന്നവർക്ക് ആനുകൂല്യം നൽകിയത് അംഗീകരിക്കാവുന്നതല്ല.

അർഹതയില്ലാത്തവർക്ക് ലാപ് ടോപ് നൽകിയ വകയിൽ ചെലവായ 29890/- രൂപ ഉത്തരവാദിയായ ഹെഡ്മാസ്റ്ററിൽനിന്നും ഈടാക്കി വികസന ഫണ്ടിൽ അടവാക്കേണ്ടതും ഭാവിയിൽ സർക്കാർ നിർദ്ദേശങ്ങൾക്കനുസരിച്ച് അർഹതയുള്ളവർക്കുമാത്രമായി ആനുകൂല്യങ്ങൾ പരിമിതപ്പെടുത്താൻ ശ്രദ്ധിക്കേണ്ടതുമാണ്.

# 1-15 കരാർ വയ്ക്കുന്നതിന് കാലതാമസം - കരാറുകാരനിൽ നിന്ന് പിഴ ഈടാക്കിയിട്ടില്ല

ജി.ഒ. (പി)13/2012/പിഡബ്ല്യുഡി/1.2.12 പ്രകാരമുള്ള പൊതു മരാമത്ത് മാന്വൽ പ്രകാരം പൊതുമരാമത്ത് പ്രവർത്തികൾ ക്ക് ടെണ്ടർ അംഗീകരിച്ച് സെലക്ഷൻ നോട്ടീസ് അയച്ച തിയ്യതിക്ക് 14 ദിവസത്തിനുള്ളിൽ കരാർ വയ്ക്കേണ്ടതാണ്. 14 ദിവസം കഴിഞ്ഞ് പിഎസി യുടെ 1% പിഴ ഈടാക്കിക്കൊണ്ട് 10 ദിവസത്തിനുള്ളിൽ കരാർ വയ്ക്കാം. മേൽ കാലപരിധി കഴിഞ്ഞും കരാർ വയ്ക്കാത്ത പക്ഷം കരാർ റദ്ദാക്കി ഇഎംഡി കണ്ടു കെട്ടേണ്ടതും കരാറുകാരനെതിരെ ടെണ്ടർ നിബന്ധന കളിൽ പറഞ്ഞ മറ്റു നടപടികൾ സ്വീകരിക്കേണ്ടതുമാണ്. താഴെ പറയുന്ന പ്രോജക്ടുകളിൽ കരാർ പ്രവൃത്തികൾക്കായി 14 ദിവസത്തിനകം കരാർ വയ്ക്കാത്ത കരാറുകാരനിൽ നിന്നും പിഴ ഈടാക്കാതെയും മറ്റ് നിയമാനുസൃത നടപടികൾ സ്വീകരിക്കാതെയുമാണ് കരാർ വച്ചിട്ടുള്ളത്.

| ക്രമ നം | പ്രോജക്ട് | സെലക്ഷൻ നോട്ടീസ് തിയതി | കരാർ വച്ച തിയ്യതി / കരാറുകാരൻ | പിഎസിയുടെ1% ഫൈൻ തുക |
|---|---|---|---|---|
| 1. | നാട്ടിപ്പാറ അട്ടക്കമല റോഡ് 102/19 (ബിൽ 54/ 18-19/ 12.03.19 ,490000/-) കരാർ തുക 490000 | 16.06.18 | AE/MDV/05/18-19 /12. 07.18ശ്രീ.സാദിഖ് അലി | 4900/- |
| 2 | തെക്കേടത്ത് താഴം അരി പടിഞ്ഞാറത്ത് പള്ളോം പാത്തവെ 130/19 (ബിൽ 03/18-19 /29.05.18 , 150912/-) കരാർ തുക 200000 | 04.01.17 | AE/MDV/20/16-17/ 09.02.17 കലിക്കറ്റ് സിറ്റി ലേബർ കോൺട്രാക്റ്റ് സൊസൈറ്റി | 2000/- |
| 3 | ഹോമിയോ ആശുപത്രി കെട്ടിടനിർമ്മാണം 149/19 (ബിൽ 13/18-19 /25.09.18 415004/-) കരാർ തുക 675000 | 18.01.17 | AE/MDV/26/17-18 05.02.18ശ്രീ..സുരേഷ് കുമാർ .എ.പി | 6750/- |
| 4 | നെല്ലൂളി മേപ്പള്ളി ത്താഴം റോഡ് 37/19 (ബിൽ 73/18-19 /20.03.19, 290424/-) കരാർ തുക 300000 | 31.10.18 | AE/MDV/38/18-19 20.12.18ശ്രീ. അലി. കെ.പി | 3000/- |
| | | | | |

| | | | | |
|---|---|---|---|---|
| 5 | പൈമ്പാലശ്ശരി അങ്കൻവാടി ടോയ് ലറ്റ് റിപ്പെയർ 91 /19 (ബിൽ തുക അനുവദിച്ചിട്ടില്ല) കരാർ തുക 50000 | 06.12.18 | AE/MDV/54/18-19 29.12. 18ശ്രീ.പ്രബീഷ്.സി.കെ | 500/- |
| 6 | കാര്യത്തിങ്കൽ അങ്കൻവാടി ഷീറ്റിടൽ 92 /19 (ബിൽ തുക അനുവദിച്ചിട്ടില്ല) കരാർ തുക 50000 | 25.09.18 | AE/MDV/16/18-19 22.10.18 ശ്രീ.പ്രബീഷ്.സി.കെ | 500/- |
| ആകെ | | | | 17650 |

കരാർ വയ്ക്കാൻ വൈകിയതിന് കാരണം കാണിക്കുകയോ ആയത് അംഗീകരിക്കപ്പെടുകയോ ചെയ്തിട്ടില്ല. കൂടാതെ പല പ്രവർത്തികളിലും സെലക്ഷൻ നോട്ടീസിൽ തിയ്യതി രേഖപ്പെടുത്തിയിട്ടില്ലാത്ത തിനാൽ സമയബന്ധിതമായി കരാറിൽ ഏർപ്പെട്ടിട്ടുണ്ടോ എന്ന് വ്യക്തമല്ല. കരാർ വെയ്ക്കാത്ത കരാറുകാരനിൽ നിന്നും പിഴ ഈടാക്കാതെയും മറ്റ് നിയമാനുസൃത നടപടികൾ സ്വീകരിക്കാതെയുമാണ് കരാർ വച്ച് പ്രവർത്തി പൂർത്തിയാക്കി യിട്ടുള്ളത് അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് 14/18-19 നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയിട്ടില്ല. കരാറുകാരിൽ നിന്ന് പിഴയിനത്തിൽ ഈടാക്കേണ്ട 17650 രൂപ ഈടാക്കി വിവരം അറിയ്ക്കേണ്ടതാണ്. അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

# 1-16 തെറ്റായ നിരക്കിൽ കോസ്റ്റ് ഇൻഡക്സ് നൽകി പ്രവൃത്തി നടത്തുന്നു

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2018-19 വർഷത്തെ പ്രൊജക്ടുകളിൽ തെറ്റായ നിരക്കിൽ കോസ്റ്റ് ഇൻഡക്സ് കണക്കാക്കി എസ്റ്റിമേറ്റ് തയ്യാറാക്കി പ്രവർത്തികൾ നിർവ്വഹണം നടത്തിയതായി കാണുന്നു. പ്രൈസ് സോഫ്റ്റ് വെയർ പ്രകാരമാണ് എസ്റ്റിമേറ്റ് നിരക്കുകൾ നിർണയിക്കുന്നത്. പി.ഡബ്ള്യു.ഡി ചീഫ് എഞ്ചിനീയറുടെ 19.9.2017 തിയ്യതിയിലെ CE/Admn/PLA/EMP/1014(a)/05 പ്രകാരം 1.10.2017 മുതൽ കോഴിക്കോടിന് ബാധകമായ കോസ്റ്റ് ഇൻഡക്സ് 37.25 ശതമാനം ആയി പുനർ നിർണയിച്ചിട്ടുള്ളതാണ്. എന്നാൽ ഗ്രാമ പഞ്ചായത്ത് നടപ്പിലാക്കിയ ചില പ്രോജക്ടുകളിൽ പഴയ നിരക്കായ 42.16 ശതമാനം കോസ്റ്റ് ഇൻഡക്സ് നൽകിയാണ് എസ്റ്റിമേറ്റ് തയ്യാറാക്കി പ്രോജക്ട് നടപ്പാക്കിയത്.

കോസ്റ്റ് ഇൻഡക്സ് 37.25 ശതമാനം എന്ന തോതിൽ യഥാർത്ഥത്തിൽ നിർണയി ക്കേണ്ടിയിരുന്നതിന് പകരം 42.16 പ്രകാരം നിരക്ക് അനുവദിച്ചതിനാൽ 2018-19ൽ ടെണ്ടർ ചെയ്ത് കരാർ വച്ച ചില പ്രവർത്തികളിൽ അധികം ചെലവ് ഉണ്ടായിട്ടുണ്ട്. ഗ്രാമ പഞ്ചായത്ത് ഫണ്ട് നഷ്ടപ്പെടാത്ത രീതിയിൽ മതിയായ സമയം ലഭ്യമായിട്ടും കുറഞ്ഞ നിരക്കിൽ കോസ്റ്റ് ഇൻഡക്സ് ഉൾപ്പെടുത്തി എസ്റ്റിമേറ്റ് റിവൈസ് ചെയ്യാതിരുന്നത് മൂലം കരാറുകാർക്ക് അധിക തുക നൽകേണ്ടി വന്നിട്ടുണ്ട്.

പഴയ നിരക്കിലുള്ള എസ്റ്റിമേറ്റ് തുകയിലാണ് സാങ്കേതികാനുമതി വാങ്ങിയതെങ്കിലും പ്രവൃത്തികൾ ഏല്പിച്ചുകൊടുക്കുന്നത് പ്രാബല്യതീയതി കഴിഞ്ഞാണെന്നതിനാൽ കോസ്റ്റ് ഇൻഡെക്സിൽ വന്ന മാറ്റത്തിനനുസരിച്ച് എസ്റ്റിമേറ്റ് തുകയിൽ കുറവ് വരുത്തണമായിരുന്നു. താഴെ പറയുന്ന എല്ലാ പ്രവൃത്തികൾക്കും ടെണ്ടർ ക്ഷണിച്ചതും കരാർ വച്ചതും ഈ ഉത്തരവ് നിലവിൽ വന്ന ശേഷമാണ് ഇപ്രകാരം ചെയ്യാത്തതിനാൽ കോസ്റ്റ് ഇൻഡെക്സ് ഇനത്തിൽ 4.91 ശതമാനത്തിന്റെ ആധിക്യം ഉണ്ടാകുകയും അത്രയും തുകയുടെ അധികച്ചെലവ് സ്ഥാപനത്തിനുണ്ടാകുകയും ചെയ്തിട്ടുണ്ട്. ഓഡിറ്റ് വർഷത്തിൽ ചെലവ് വന്ന താഴെ പറയുന്ന പ്രവൃത്തികൾക്ക് അധികച്ചെലവുണ്ടായിട്ടുണ്ട്.

| ക്രമ നം | പ്രവൃത്തി, കരാർ | ആകെ ചെലവ് | ബിൽ നം തീയതി |
|---|---|---|---|
| 1 | 157/18-19 മഠത്തും കുഴി ആലപ്പുറായിൽ റോഡ് AE/MDV/57/17-18/19.03.18 കരാറുകാരൻ-.ശ്രീ.സുബൈർ. യ.കെ | 150000/- | 25/22.02.19 |
| 2 | 153/18-19 മഠത്തിൽ മുക്ക് പുതുശ്ശേരി മല ഫുട്പാത്ത് AE/MDV/65/17-18/28.03.18 കരാറുകാരൻ-.ശ്രീ.അഷ്റഫ്.എം | 100000/- | 67/26.02.19 |

| | | | |
|---|---|---|---|
| 3 | 161/18-19 കുഴിമ്പാട്ടുകുഴി സാംസ്കാരിക നിലയം AE/MDV/63/17-18/19.03.18 കരാറുകാരൻ-.ശ്രീ.കെ.പി.അലി | 735131/- | 35/31.12.18 |
| 4 | 152/18-19 ചോലക്കരത്താഴം കുവ്വപ്പുറം മേപ്പടിക്കാട് റോഡ് AE/MDV/49/ 17-18/09.03.18 കരാറുകാരൻ-.ശ്രീ.അഷ്റഫ്.ടി | 249505/- | 11/20.06.18 |
| 5 | 148/18-19 ഉന്നക്കണ്ടി വളപ്പിൽ റോഡ് AE/MDV/08/17-18/16.12.17 കരാറുകാരൻ-.ശ്രീ.അഷ്റഫ്. | 249840/- | 10/20.06.18 |
| 6 | 165/18-19 തച്ചറക്കൽ വട്ടം കണ്ടം റോഡ് AE/MDV/45/17-18/02.03.18 കരാറുകാരൻ-.ശ്രീ.സാദിഖ് അലി | 296061/- | 13/31.07.18 |
| 7 | 132/18-19 ചക്കാലക്കൽ കുഴിപ്രമ്മൽ പറയത്തോട് താഴം റോഡ് AE/MDV/21/17-18/16.01.18 കരാറുകാരൻ-.ശ്രീ.സാദിഖ് അലി | 489837/- | 04/29.05.18<br>16/19.10.18 |
| 8 | 162/18-19 ചുളിപ്പാറ കാവിൽക്കോട്ട റോഡ് AE/MDV/23/17-18/23.01.18 കരാറുകാരൻ-.ശ്രീ.പ്രബീഷ് .സി.കെ | 109741/- | 12/20.06.18 |
| 9 | 128/18-19 കുഴിമ്പാട്ടുകുഴി പടനിലം റോഡ് AE/MDV/36/17-18/19.02.18 കരാറുകാരൻ-.ശ്രീ.രഘുപ്രസാദ് | 300000/- | 1/25.09.18<br>15/09.10.18 |
| 10 | 150/18-19 തറോൽതാഴം ചൊവ്വഞ്ചേരിത്താഴം റോഡ് AE/MDV/29/17-18/08.02.18 കരാറുകാരൻ-.ശ്രീ.അലി.കെ.പി | 448986/- | 06/14.06.18 |
| 11 | 154/18-19 താഴെ പട്ടോത്ത് മുക്ക് കുഴിമ്പാട്ടുകുഴി റോഡ് AE/MDV/58/17-18/21.03.18 കരാറുകാരൻ-.ശ്രീ.അലി.കെ.പി | 200000/- | 08/14.0618 |

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് 16/18-19 നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും കോസ്റ്റ് ഇൻഡക്സ് ഇനത്തിൽ കരാറുകാർക്ക് അധികം നൽകിയ തുക തിരികെ ഈടാക്കി വിവരം അറിയിക്കേണ്ടതുമാണ്.

## 1-17 പ്രവർത്തി പൂർത്തിയാക്കുന്നതിൽ കാല താമസം കരാറുകാരനിൽ നിന്ന് പിഴ ഈടാക്കുന്നില്ല.

പഞ്ചായത്തിന്റെ മരാമത്ത് പ്രവർത്തികൾ ടെണ്ടർ നടപടികളിലൂടെ കരാറുകാർക്ക് നൽകുമ്പോൾ സ്വീകരിയ്ക്കേണ്ട നടപടി ക്രമങ്ങൾ പാലിയ്ക്കാത്തതു മൂലം പ്രവർത്തികൾ പലതും സമയബന്ധിതമായി പൂർത്തിയാക്കിയിട്ടില്ല. പ്രവർത്തി പൂർത്തിയാക്കേണ്ട സമയം സംമ്പന്ധിച്ച് പ്രൊജക്ട് കലണ്ടർ കരാറിനോടൊപ്പം ഇല്ല. കരാർ കാലാവധി കഴിഞ്ഞിട്ടും കരാറു കാരനെതിരെ യാതൊരു നടപടിയും എടുത്തിട്ടില്ല. പ്രവർത്തി പൂർത്തിയാക്കുന്നതിന് മറ്റൊരു തടസ്സങ്ങളും ഉണ്ടായിട്ടില്ല.

വികസന കാര്യ സ്റ്റാന്റിങ്ങ് കമ്മറ്റിയോ നിർവ്വഹണ ഉദ്യോഗസ്ഥനോ കരാറു കാർക്കെതിരെ യാതൊരു നടപടിയും എടുത്തിട്ടില്ല. പ്രവർത്തി പൂർത്തിയാക്കാൻ വൈകിയ പ്രവർത്തികളിൽ ചില ഉദാഹരണങ്ങൾ.

| പ്രൊജക്റ്റ് | കരാർ | പ്രവർത്തി പൂർത്തിയാക്കിയ തിയ്യതി | ചെലവ് |
|---|---|---|---|
| 157/18-19 മാത്തും കുഴി ആലപ്പുറായിൽ റോഡ് | AE/MDV/57/17-18/19.03.18 ശ്രീ. സുബൈർ | 29.11.2018<br>(M -book-121/18 ) | 150000(മെയിന്റനൻസ് റോഡ്)ബിൽ നം. 22/19<br>22.02-18 |
| 153/18-19 മാത്തും മുക്ക് പുതുശ്ശേരിമല റോഡ് | AE/MDV/65/17-18/ 28.03.18 ശ്രീ. അഷ്റഫ് | 12.02.2019<br>(M -book-113/18 ) | 97596(ധനകാര്യ കമ്മീഷൻ)<br>അവാർഡ്) ബിൽ നം. 67/19<br>29.02-19 |
| 167/18-19 ലക്ഷം വീട് പാടം കണ്ടി റോഡ് ടാറിങ്ങ് | AE/MDV/55/17-18/ 19.03.18 ശ്രീ. സുബൈർ | 07.12.18<br>(M -book-144/18 ) | 285293(ധനകാര്യ കമ്മീഷൻ)<br>അവാർഡ്) ബിൽ നം. 28/19<br>27.12.18 |
| 170/18-19 തലപ്പൊയിൽ മലയിലാത്തുട്ട് മുട്ടാഞ്ചേരി റോഡ് | AE/MDV/50/17-18/ 09.03.18<br>ശ്രീ. മുഹമ്മദ്.ടി | 24.12.18<br>(M -book-128/18 ) | 176599(ധനകാര്യ കമ്മീഷൻ)<br>അവാർഡ്) ബിൽ നം. 36/19<br>31.12.18 |
| 171/18-19 ആയുർവ്വേദ ഡിസ്പെൻസറി ചുറ്റു മതിൽ നിർമ്മാണം | AE/MDV/61/17-18/ 22.03.18<br>ശ്രീ. അലി.കെ.പി | 26.10.18<br>(M -book-537/18 ) | 199590(എം.ജി.എൻ.ആർ) ബിൽ നം. 38/19 /31.12.18 |
| 168/18-19ചെന്നിലോട്ട്താഴമ കരിയാട്ടുമ്മൽ റോഡ് | AE/MDV/68/17-18/31.03.18<br>ശ്രീ.പ്രബീഷ്.സി.കെ | 127.12.18<br>(M -book-127/18) | 199214(ധനകാര്യ കമ്മീഷൻ)<br>അവാർഡ്) ബിൽ നം. 53/19<br>12.03.19 |
| 160/18-19 കൃഷിഭവൻ ചുറ്റു മതിൽ നിർമ്മാണം | AE/MDV/66/17-18/31.03.18<br>ശ്രീ. പ്രബീഷ്.സി.കെ | 06.12.18<br>(M -book-04/18 ) | 130459(ധനകാര്യ കമ്മീഷൻ)<br>അവാർഡ്) ബിൽ നം. 62/19<br>19.03-19 |
| 130/18-19 തെക്കേടത്ത് താഴം അരിപടിഞ്ഞാറത്ത് പാത്ത് വെ | AE/MDV/20/16-17/ 09.02.17കലിക്കറ്റ് സിറ്റിലേബർ കോൺട്രാക്റ്റ് സൊസൈറ്റി | 12.07.2017<br>(M -book-18/12-13 ) | 150912 (ധനകാര്യ കമ്മീഷൻ)<br>അവാർഡ്) ബിൽ നം. 03/19<br>29.05.18 |

പ്രവർത്തികൾ പൂർത്തിയാകുന്നതിൽ കാല താമസത്തിന് കാരണം എന്തെന്ന് ഫയലിൽ വ്യക്തമല്ല. മിക്ക പ്രവർത്തികളും ആരംഭിച്ചിട്ടുള്ളത് തന്നെ പ്രവർത്തി കാലാവധി കഴിഞ്ഞതിനുശേഷമാണ്. പ്രവർത്തി പൂർത്തീകരണത്തിൽ കാലതാമസം ഉണ്ടാകുന്നത് പ്രവർത്തികൾ സ്പിൽ ഓവർ ആയി മാറുന്നത് മൂലം പഞ്ചായത്തിന് ഫണ്ട് നഷ്ടം ഉണ്ടാകുന്നുണ്ട്. കരാറുകാരന്റെ പിഴവ് മൂലം പ്രവൃത്തി പൂർത്തിയാക്കുന്നതിൽ കാലതാമസം വരുന്ന സംഗതിയിൽ ജി.ഒ.(പി) 13/2012/PWD നമ്പർ പുതുക്കിയ മാന്വൽ 2112-1 പ്രകാരം പിഴ ഈടാക്കി ദീർഘിപ്പിച്ചു നൽകാം. ഒറിജിനൽ പൂർത്തീകരണ കാലാവധിക്കകം ദീർഘിപ്പിക്കാൻ അസിസ്റ്റന്റ് എഞ്ചിനീയർ മുഖേന അപേക്ഷിക്കാത്ത പക്ഷം കരാർ ദുർബലപ്പെടുത്താവുന്നതാണ്. ദീർഘീകരണം ലഭ്യമാകാതെ പൂർത്തീകരണ കാലാവധിക്ക് ശേഷം നിർവഹിച്ച പ്രവൃത്തികൾക്ക് തുക നൽകാവുന്നതല്ല. എന്നാൽ മേൽ പ്രവൃത്തികളിൽ പ്രവൃത്തി ദീർഘിപ്പിക്കാൻ കരാറുകാരൻ അ പേക്ഷ നൽകിയിട്ടില്ല.

പൂർത്തീകരണ കാലാവധി സംമ്പന്ധിച്ച് കരാറിൽ വ്യവസ്ഥ ചെയ്യാത്തതിനും ദീർഘീകരണം ലഭ്യമാകാതെ പ്രവൃത്തിയിൽ കാലതാമസം വരുത്തിയ കരാറുകാരനെതിരെ നടപടിയൊന്നും എടുക്കാതെ ഫൈനൽ ബിൽ തുക നൽകിയതിനും വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് 18/18-19 നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയിട്ടില്ല. പിഴ ഈടാക്കി വിവരം അറിയിക്കേണ്ടതും വിശദീകരണം ലഭ്യമാക്കേണ്ടതുമാണ്.

## 1-18 നിലവിൽ വനിതാ വ്യവസായ കേന്ദ്രമായി പ്രവർത്തിക്കാത്ത കെട്ടിടത്തിൽ വനിതാവ്യവസായ കേന്ദ്രം നവീകരണത്തിനായി പദ്ധതി നടപ്പാലാക്കി

നിർവ്വഹണ ഉദ്യോഗസ്ഥൻ - അസിസ്റ്റന്റ് എഞ്ചിനീയർ

പദ്ധതി - എസ്.ഒ 141/19

ചെലവ് – 719180 (വികസന ഫണ്ട്- 130205, എം.ജി.എൻ.ആർ-588975)

ബിൽ നമ്പർ, തിയ്യതി – 19,20/30.11.18

കരാറുകാരൻ - ശ്രീ.കെ.പി.അലി

കരാർ - 1/18-19/19.06.2018

വനിതാ വ്യവസായ കേന്ദ്രം നവീകരണത്തിനായി 7,19.180 രൂപ ചെലവഴിച്ച് പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. എന്നാൽ വനിതാവ്യവസായകേന്ദ്രമായി പ്രവർത്തിക്കാത്ത കെട്ടിടത്തിലാണ് നവീകരണ പ്രവർത്തി നടത്തിയിട്ടുള്ളത്. പഞ്ചായത്ത് ഓഫീസിനോട് ചേർന്ന് സ്ഥിതി ചെയ്യുന്ന നിലവിൽ വി.ഇ.ഒ, എ.ഇ, എൻ.ആർ.ഇ.ജി.എസ്, കുടുംബശ്രീ എന്നീ ഓഫീസുകൾ പ്രവർത്തിയ്ക്കുന്ന കെട്ടിടത്തിന്റെ മുകളിലാണ് പ്രവർത്തി നടത്തിയിട്ടുള്ളത്. ഒരു വ്യവസായം പോലും ഈ കെട്ടിടത്തിൽ പ്രവർത്തിയ്ക്കുന്നില്ല. നവീകരണ പ്രവർത്തി 04.10.2018 പൂർത്തിയായി കെട്ടിടത്തിന് മുകളിൽ പുതിയ ഹാൾ പ്രവർത്തന സജ്ജമായെങ്കിലും വനിതകൾക്കായി വ്യവസായം തുടങ്ങാൻ നടപടികളൊന്നും ആരംഭിച്ചിട്ടില്ല.

നിലവിലുള്ളകെട്ടിടത്തിൽ വ്യവസായ സംബന്ധമായ സംരഭങ്ങളൊന്നും നിലവിലില്ലാത്ത സാഹചര്യത്തിൽ വനിതാ വ്യവസായ കേന്ദ്രം നവീകരണത്തിനായി പദ്ധതി നടപ്പിലാക്കിയതിന് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് 19/18-19 നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയിട്ടില്ല. വനിതാ വ്യവസായ കേന്ദ്രത്തിൽ പുതിയ വ്യവസായ സംരംഭം ആരംഭിച്ച് വിവരം ലഭ്യമാക്കേണ്ടതാണ്. 7,19,180 രൂപയുടെ ചെലവ് തടസ്സത്തിൽ വെയ്ക്കുന്നു.

## 1-19 അങ്കണവാടികളുടെ വൈദ്യുതീകരണം : പ്രവൃത്തി നിർവ്വഹണത്തിലെ അപാകത

പ്രൊജക്ട് നം. : 81/19

അടങ്കൽ : 120000/-

ചെലവു തുക : 109125/-രൂപ (ബിൽ നം.42/18-19/20.3.2019)

നിർവ്വഹണം : സെക്രട്ടറി

ഗ്രാമപഞ്ചായത്ത് പരിധിയിലെ രാംപൊയിൽ, മൊടായനി എന്നീ അങ്കണവാടികളിലെ വൈദ്യുതീകരണ പ്രവൃത്തി പി.ഡബ്ള്യു.ഡി ഇലക്ട്രിക്കൽ വിഭാഗം മുഖേന നിർവ്വഹിക്കുന്നതിന് ഭരണസമിതി 12.2.2019 ൽ തീരുമാനിക്കുകയുണ്ടായി [തീരുമാനം നം.7(7)/2019)]. അതുപ്രകാരം പി.ഡബ്ള്യു.ഡി അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ മേൽ പ്രവൃത്തിക്കായി എസ്റ്റിമേററ് തയ്യാറാക്കുകയും EST/2018/2670/28.2.2019 നം കത്തു പ്രകാരം 90000/-രൂപയുടെ സാങ്കേതികാനുമതി (നം.2152/2018-19) ലഭ്യമാക്കുകയും ചെയ്തു. പദ്ധതി നിർവ്വഹണത്തിൽ ചുവടെ ചേർത്ത അപാകതകൾ കാണുന്നു.

1. പി.ഡബ്ള്യു.ഡി ഇലക്ട്രിക്കൽ വിഭാഗം ലഭ്യമാക്കിയ എസ്റ്റിമേററ് പ്രകാരം പ്രവൃത്തിയുടെ സാങ്കേതികാനുമതി തുക 90000/-രൂപയാണ്. എന്നാൽ 12.3.2019 ൽ അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ EST/2018/2670 നമ്പറായി ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്കയച്ച കത്തിൽ 97000/-രൂപ എസ്റ്റിമേററ് തുകയും 12.5% സെൻ്റേജ് ചാർജ്ജും ഉൾപ്പെടെ 109125/-രൂപ (97000 + 12125) ഡിപ്പോസിറ്റായി ഒടുക്കുന്നതിന് ആവശ്യപ്പെട്ടതായി കാണുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ 109125/-രൂപ മെയിന്റനൻസ് നോൺ റോഡ് ഫണ്ടിൽ നിന്നും പിൻവലിച്ച് പി.ഡബ്ള്യു.ഡി ഇലക്ട്രിക്കൽ കോഴിക്കോട് ഡിവിഷനിൽ ഡിപ്പോസിററ് ചെയ്തിട്ടുണ്ട്.
2. പ്രവൃത്തിയുടെ എസ്റ്റിമേററ് പ്രകാരമുള്ള തുക മുൻകൂറായി നൽകിയപ്പോൾ ഗ്രാമപഞ്ചായത്ത് പി.ഡബ്ള്യു.ഡി.യുമായി കരാറിൽ ഏർപ്പെട്ടിട്ടില്ല. ബന്ധപ്പെട്ട സ്ഥാപനവുമായി കരാറിൽ ഏർപ്പെട്ടതിനുശേഷം മാത്രമേ മുൻകൂർ തുക നൽകാവൂ.
3. പ്രവൃത്തി പൂർത്തീകരിച്ചതു സംബന്ധിച്ച കംപ്ളീഷൻ സർട്ടിഫിക്കററ്, വിനിയോഗ സാക്ഷ്യപത്രം എന്നിവ ഹാജരാക്കിയിട്ടില്ല.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിനും ബന്ധപ്പെട്ട രേഖകൾ പരിശോധനക്ക് ഹാജരാക്കുന്നതിനും ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.4/2018-19/11.10.2019) മറുപടി ലഭിച്ചിട്ടില്ല. പി.ഡബ്ള്യു.ഡി ഇലക്ട്രിക്കൽ വിഭാഗം ലഭ്യമാക്കിയ എസ്റ്റിമേററ് പ്രകാരം പ്രവൃത്തിയുടെ സാങ്കേതികാനുമതി തുക 90000/-രൂപയാണെന്നിരിക്കെ അധിക തുക ഡിപ്പോസിററു ചെയ്തതിനും ആയതിനനുസൃതമായി സെൻ്റേജ് ചാർജ്ജ് ഒടുക്കിയതിനും ഇടയാക്കിയ സാഹചര്യം പരിശോധിക്കേണ്ടതും അധിക തുക ഒടുക്കാനിടയായിട്ടുണ്ടെങ്കിൽ ആയത് തിരികെ ഈടാക്കേണ്ടതുമാണ്. സ്ഥാപനവുമായി കരാർ വെയ്ക്കാതെ മുൻകൂർ തുക നൽകിയതിന് വിശദീകരണംനൽകേണ്ടതാണ്. പ്രവൃത്തി സമയബന്ധിതമായി പൂർത്തിയാക്കാൻ വേണ്ട തുടർപ്രവർത്തനങ്ങൾ ഗ്രാമപഞ്ചായത്ത് സെക്രട്ടറി സ്വീകരിക്കേണ്ടതും പ്രവൃത്തി പൂർത്തീകരണ സാക്ഷ്യപത്രം, വിനിയോഗ സാക്ഷ്യപത്രം എന്നിവ ഓഡിറ്റിൽ പരിശോധനക്ക് ഹാജരാക്കേണ്ടതുമാണ്.

## 1-20 തുറന്ന കുടിവെള്ളകിണർ ശുചിത്വമുള്ള കുടിവെള്ള കിണറാക്കിമാറ്റൽ -പ്രോജക്ട് നിർവഹണത്തിലെ അപാകതകൾ

പ്രൊജക്ട് നം -31 /18-19

അടങ്കൽ- 300000

ചെലവ്തുക- 56000

ബിൽനം/തുക -28/27-2-19/32000

-7/22-9-18 /24000

വി.ഇ.ഒ നിർവ്വഹണ ഉദ്യോഗസ്ഥനായ മേൽ പ്രൊജക്ടുപ്രകാരം 18-19 സാമ്പത്തികവർഷത്തിൽ കുടിവെള്ള കിണർ ശുചിത്വ കിണറാക്കി മാററുന്നതിന് 19 പേർക്ക് ധനസഹായം നൽകാനായിരുന്നു ലക്ഷ്യമിട്ടിട്ടുള്ളത്. ഇതിൽ 18-19 ൽ 7 പേർക്കും, 19-20 സാമ്പത്തികവർഷത്തിൽ ബിൽനം 31/6-5-19 പ്രകാരം 12 പേർക്കും 8000 രൂപ വീതം കൈമാറിയിട്ടുണ്ട്. പദ്ധതി നിർവ്വഹണത്തിൽ ചുവടെ ചേർത്ത അപാകത കാണുന്നു.

1. ജി.ഒ.(എം.എസ്സ്.)22/18 .L.S.G.D .തിയ്യതി14.2.18 ഖ.6.6.4 പ്രകാരം, മേൽ പ്രൊജക്ടിനായി അനുവദിക്കാവുന്ന സബ്സിഡി നിരക്കിന്റെ ഉയർന്ന പരിധി 6000/ രൂപയാണ്. 2000/-രൂപ വീതം ഗുണഭോക്താക്കൾക്ക് അധികം

നൽകിയിട്ടുണ്ട്.

2. മേൽ സൂചിപ്പിച്ച മാർഗ്ഗരേഖ പ്രകാരം പ്രവൃത്തിയുടെ വാല്വേഷൻ എഞ്ചിനീയർ തയ്യാറാക്കേണ്ടതാണ്. ഫയൽപരിശോധിച്ചതിൽ നിർമ്മാണത്തിന്റെ വാല്വേഷൻ എഞ്ചിനീയർ തയ്യാറാക്കിയിട്ടില്ല.

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. 2018-19 സാമ്പത്തികവർഷത്തിൽ ഗുണഭോക്താക്കളായ 7പേർക്ക് അധികം നൽകിയ തുകയായ 14000 രൂപ ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. പ്രസ്തുത തുക തിരികെ ഈടാക്കി ബന്ധപ്പെട്ട ഫണ്ടിൽ ഒടുക്കേണ്ടതാണ്. 2019-20 സാമ്പത്തിക വർഷത്തിലും അധികം തുക നൽകാൻ ഇടയായ സാഹചര്യം പരിശോധിക്കേണ്ടതും തുടർ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-21 പെൻഷൻ കോൺട്രിബ്യൂഷൻ അടവാക്കിയില്ല.

സ. ഉ. (പി)7/2016/ഫിൻ തീ. 20.01.2016 പ്രകാരം ജീവനക്കാരുടെ ശമ്പളം പരിഷ്കരിക്കുന്നതിനും, 07/2014 മുതൽ 01/2016 വരെയുള്ള ശമ്പള കുടിശ്ശിക 4 ഗഡുക്കളായി അനുവദിക്കുന്നതിനും ഉത്തരവായിട്ടുണ്ട്. ഇത് പ്രകാരം മടവൂർ ഗ്രാമപഞ്ചായത്തിലെ ജീവനക്കാരുടെ ശമ്പളം പരിഷ്കരിക്കുകയും 2018-19 സാമ്പത്തികവർഷത്തിൽ ജീവനക്കാരുടെ ശമ്പള കുടിശ്ശികയുടെ ചുവടെ ചേർത്ത പ്രകാരം ഗഡുക്കൾ അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

| വൗച്ചർ നം/തിയ്യതി | തുക |
|---|---|
| 21800098/7-5-18 സ്റ്റാഫ് | 20697 |
| 21800469/10-10-18 സ്റ്റാഫ് | 161689 |
| 51800471/9-10-18 P.T.S | 4052 |
| 51800472/9-10-18 H.C | 17291 |

മേൽ ഉത്തരവിലെ ഖണ്ഡിക 48 (1)പ്രകാരം ജീവനക്കാരുടെ പെൻഷൻ കോൺട്രിബ്യൂഷൻ അടവാക്കേണ്ടതാണ് എന്ന് നിഷ്കർഷിക്കുന്നുണ്ട്. വൗച്ചർ പരിശോധിച്ചതിൽ നിന്നും പെൻഷൻ കോൺട്രിബ്യൂഷൻ അടവാക്കിയിട്ടില്ല എന്നു കാണുന്നു. ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയുടെ കൃത്യമായ മേൽനോട്ടം പ്രസ്തുതവിഷയത്തിൽ നടത്തിയിട്ടില്ല എന്ന് ഓഡിറ്റ് വിലയിരുത്തുന്നു. പെൻഷൻ കോൺട്രിബ്യൂഷൻ അടവാക്കുന്നതിലെ സർക്കാർ ഉത്തരവിലെ നിർദ്ദേശങ്ങൾക്കനുസൃതമായി 01.04.2013 ന് മുമ്പ് സർവ്വീസിൽ പ്രവേശിച്ചതും, മേൽ കാലയളവിൽ ശമ്പള പരിഷകരണ കുടിശ്ശികയുടെ1,2, 3,4 ഗഡുക്കൾ അനുവദിക്കപ്പെട്ടതുമായ എല്ലാ ജീവനക്കാരുടെയും പെൻഷൻ കോൺട്രിബ്യൂഷൻ അടവാക്കി വിവരമറിയിക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് നൽകിയ മറുപടിയിൽ കോൺട്രിബ്യൂഷൻ അടവാക്കി വിവരമറിയിക്കുന്നതാണ് എന്നറിയിച്ചിട്ടുണ്ട്.അടവാക്കി വിവരമറിയിക്കുന്ന മുറക്ക് പരാമർശം ഒഴിവാക്കുന്നതാണ്.

## 1-22 കുഴിമ്പാട്ടുകുഴി സാംസ്ക്കാരിക നിലയം പദ്ധതി ലക്ഷ്യം കൈവരിച്ചില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ - അസിസ്റ്റന്റ് എഞ്ചിനീയർ

പദ്ധതി - എസ്.ഒ 161/19

ചെലവ് – 735131 (എസ്.സി.പി)

ബിൽ നമ്പർ,തിയ്യതി - 35/19/31.12.18

കരാറുകാരൻ - ശ്രീ.കെ.പി.അലി

2017-18 വർഷത്തിൽ പ്രവർത്തനം ആരംഭിച്ച കുഴിമ്പാട്ടുകുഴി സാംസാക്കാരിക നിലയം പ്രവർത്തി നാളിതുവരെ പ്രവർത്തി പൂർത്തീകരിച്ച് പ്രവർത്തന സജ്ജമായിട്ടില്ല പദ്ധതി പ്രവർത്തി ഫയൽ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ .

1. സമഗ്രമായ പ്രോജക്ട് തയ്യാറാക്കിയില്ല.

ഈ പദ്ധതിയിൽ എസ്റ്റിമേറ്റ് പ്രകാരം സാംസ്കാരിക നിലയത്തിനാവശ്യമായ കെട്ടിടത്തിന്റ സ്ട്രക്ച്ചർ നിർമ്മിക്കുക മാത്രമാണ് ചെയ്തത്. പ്ലാസ്റ്ററിങ്ങ്, ഫ്ലോറിങ്ങ്, ജനലുകൾ,വാതിലുകൾ, ഫർണിച്ചർ, വൈദ്യുതി, വെള്ളം തുടങ്ങിയ

സൗകര്യങ്ങളൊന്നും ഏർപ്പെടുത്തിയിട്ടില്ല. എത്തിപ്പെടാൻ വഴിസൗകര്യം പോലുമില്ലാത്ത സ്ഥലത്ത് ഒരു സ്ട്രക്ചർ മാത്രമാണ് നിർമ്മിച്ചിട്ടുള്ളത്.

2.പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് പ്രവൃത്തികളുടെ മോണിട്ടറിംഗ് വർക്കിംഗ് ഗ്രൂപ്പ് നടത്തിയിട്ടില്ല.

3. പ്രവർത്തി സമയബന്ധിതമായി പൂർത്തിയാക്കിയിട്ടില്ല.

146/18 നമ്പർ പ്രോജക്ട് പ്രകാരം 31.03.2018 നകം പ്രവർത്തി പൂർത്തീകരിക്കുക എന്ന ലക്ഷ്യത്തോടെയാണ് പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത് .63/17-18/27.03.18 നമ്പർ കരാർ പ്രകാരം പ്രവർത്തി നടത്തുന്നതിനായി കരാറുകാരൻ ശ്രീ.കെ.പി.അലിയ്ക്ക് സ്ഥലം 27.03.18 ന് തന്നെ കൈമാറിയിട്ടുണ്ടെങ്കിലും 06.07.2018 ന് മാത്രമാണ് പ്രവർത്തി ആരംഭിച്ചിട്ടുള്ളത് (എം.ബുക്ക് – 538) പിന്നീട് പ്രൊജക്ട് റിവൈസ് ചെയ്യേണ്ടി വരികയും ചെയ്തു. 06.12.2018 ലാണ് പ്രവർത്തി പൂർത്തിയായിട്ടുള്ളത്. പ്രവർത്തി സമയബന്ധിതമായി പൂർത്തിയാക്കാത്തതിന് കരാറുകാരനെതിരെ യാതൊരു നടപടിയും എടുത്തിട്ടില്ല.

4 ഈ പ്രവൃത്തിയ്ക്ക് 23.12.2017 ൽ നടത്തിയ ഇ- ടെണ്ടറിൽ ശ്രീ. പ്രമോദ്.കെ.എം എന്ന കരാറുകാരൻ കാരൻ മാത്രമാണ് പങ്കെടുത്തത് പിന്നീട് 16.01.18 ൽ നടന്ന റി.ഇ ടെണ്ടറിൽ ആരും പങ്കെടുക്കാത്തതിനാൽ 01.03.2018 ക്വട്ടേഷൻ പ്രകാരം കരാറുകാരനായ ശ്രീ. കെ.പി അലിയ്ക്ക് 754196.51 രൂപയ്ക്ക് കരാർ നൽകി. ആദ്യം ടെണ്ടറിൽ പങ്കെടുത്ത കരാറുകാരൻ കുറഞ്ഞ നിരക്ക് ആയിരുന്നു ക്വാട്ട് ചെയ്തിരുന്നത് അതായത് 741570.95 രൂപ. ഈ കരാറുകാരനുമായി നെഗോഷിയേറ്റ് ചെയ്ത് പ്രവൃത്തി നൽകിയിരുന്നെങ്കിൽ പ്രവൃത്തി നടത്തിപ്പ് ലാഭകരമാകുമായിരുന്നു കേരള ഫിനാൻഷ്യൽ കോഡ് വാല്യം 1 ആർട്ടിക്കിൾ 40 b (1) പ്രകാരം പൊതു പണം ഏറ്റവും ലാഭകരമായ രീതിയിൽ ചെലവഴിക്കാൻ നിർവ്വഹണ ഉദ്യോഗസ്ഥൻ ശ്രദ്ധിക്കേ ണ്ടതാണ്

5.എസ്. സി.പി. ഫണ്ട് വിനിയോഗിച്ച് നടപ്പിലാക്കിയിട്ടുള്ള ഈ പ്രവർത്തി പട്ടികജാതി വിഭാഗത്തിന് വേണ്ടിയാണോ ചെലവഴിച്ചിട്ടുള്ളത് എന്ന് വ്യക്തമല്ല. പട്ടിക ജാതി വിഭാഗക്കാരുടെ പൊതു സൗകര്യത്തിനായി പശ്ചാത്തല വികസനത്തിനായി പദ്ധതികൾ ആവിഷ്കരിക്കുമ്പോൾ പട്ടികജാതി വികസന വകുപ്പും തദ്ദേശ സ്ഥാപനവും സംയുക്തമായി തയ്യാറാക്കിയ സാമൂഹ്യ ഭൂപടം പദ്ധതിയോടൊപ്പം ഉണ്ടായിരിക്കേണ്ടതാണ് കൂടാതെ പട്ടിക ജാതി മേഖലയിലാണ് പദ്ധതികൾ നടപ്പിലാക്കിയിട്ടുള്ളത് എന്നതിന് പട്ടികജാതി വികസന ഓഫീസർ നേരിട്ട് പരിശോധിച്ച് ബോധ്യമായ വിവരം സംബന്ധിച്ച ഫീസിബിലിറ്റി സർട്ടിഫിക്കറ്റും ഉണ്ടായിരിക്കേണ്ടതാണ്. ഈ രേഖകളൊന്നും ഇല്ലാതെയാണ് പദ്ധതികൾ നടപ്പിലാക്കിയിട്ടുള്ളത്

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് 20/18-19 നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. സാംസ്കാരിക നിലയം പ്രവർത്തന സജ്ജമാക്കി വിവരം ലഭ്യമാക്കുന്നതുവരെ ചെലവ് തുക7,351,31 തടസ്സത്തിൽ വെയ്ക്കുന്നു.

# 1-23 തെരുവുവിളക്ക് സ്ഥാപിക്കൽ : പദ്ധതി നിർവ്വഹണത്തിലെ അപാകത

പ്രൊജക്ട് നം. 207/19

അടങ്കൽ തുക : 214000/-

ചെലവു തുക : 212667/-

നിർവ്വഹണം : സെക്രട്ടറി

ഗ്രാമപഞ്ചായത്തു പരിധിയിലെ വിവിധ വാർഡുകളിലെ ഇലക്ട്രിക് പോസ്റ്റുകളിൽ നിലവിലുള്ള കേടായ സി.എഫ്.എൽ വിളക്ക് മാറ്റി പകരം 12 Watt എൽ.ഇ.ഡി.ബൾബ് സ്ഥാപിക്കുന്നതിനാണ് പ്രൊജക്ട് ലക്ഷ്യമിടുന്നത്. 12.2.2019 ലെ ഭരണസമിതി തീരുമാനപ്രകാരം ക്രൂസിൽ നിന്നും ടെണ്ടർ കൂടാതെ എൽ.ഇ.ഡി.വിളക്കുകൾ വാങ്ങുന്നതിന് തീരുമാനിക്കുകയും 23.2.2019 ലെ എ-2-01/19 നമ്പർ കത്തുപ്രകാരം 12 വാട്ട് ഉള്ള 91 വിളക്കുകൾക്ക് ഗ്രാമപഞ്ചായത്ത് സപ്ലൈ ഓർഡർ നൽകുകയും ചെയ്തു. ക്രൂസ് ലഭ്യമാക്കിയ 166/18-19/12.3.2019 നമ്പർ ഇൻവോയ്സ് പ്രകാരം വിളക്കൊന്നിന് 2337/-നിരക്കിൽ (ഇൻസ്റ്റലേഷൻ ചാർജ്ജ് ഉൾപ്പെടെ) 91 എൽ.ഇ.ഡി. വിളക്കുകൾ 212667/- രൂപക്ക് വാങ്ങിയിട്ടുണ്ട്. ബിൽ തുക പൂർണ്ണമായി നൽകിയിട്ടില്ല. ബിൽ നം.49/18-19/27.3.2019 പ്രകാരം 136403/-രൂപ മാത്രമേ അനുവദിച്ചിട്ടുള്ളൂ.

ക്രൂസുമായി വെച്ച കരാറിലെ 8ാം വ്യവസ്ഥ പ്രകാരം കരാറുകാരൻ സാധനം വിതരണം ചെയത് ബില്ല് ലഭ്യമാക്കി 15 ദിവസത്തിനകം സാധനങ്ങളുടെ തുക കരാറുകാരന്റെ ബാങ്ക് അക്കൗണ്ടിലേക്ക് ലഭ്യമാക്കുന്നതും ബാക്കി തുക വിളക്കുകൾ സ്ഥാപിച്ചശേഷം കരാറുകാരന്റെയും ബന്ധപ്പെട്ട വാർഡ് മെമ്പർമാരുടെയും സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിലും അനുവദിക്കുന്നതാണ്. മേൽപറഞ്ഞ കാര്യങ്ങളിൽ വീഴ്ച വരുത്തുന്ന പക്ഷം നിയമപ്രകാരമുള്ള പലിശ പഞ്ചായത്ത് ക്രൂസിന് നൽകേണ്ടതാണ്. ഫയൽ പരിശോധിച്ചതിൽ 2.5.2019 ൽ 89 വിളക്കുകൾ സ്ഥാപിച്ചതായി സെക്രട്ടറിയും ക്രൂസ് ചുമതലപ്പെടുത്തിയ കരാറുകാരനും സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. മാത്രമല്ല ബന്ധപ്പെട്ട വാർഡ് മെമ്പർമാരും സാക്ഷ്യപത്രം നൽകിയിട്ടുണ്ട്. കത്താത്ത 2 വിളക്കുകൾ മാററി നൽകിയത് പിന്നീട് ഒന്നാം വാർഡിൽ സ്ഥാപിച്ചിട്ടുണ്ടെന്നും സെക്രട്ടറി സാക്ഷ്യപ്പെടുത്തിക്കാണുന്നു. ഈ സാഹചര്യത്തിൽ ക്രൂസിന് ബാക്കി നൽകാനുള്ള 76264/-രൂപ നൽകുന്നതിന് നടപടി സ്വീകരിച്ചു കാണുന്നില്ല. എഗ്രിമെന്റിലെ വ്യവസ്ഥപ്രകാരം തുക നൽകാൻ കാലതാമസം വരുത്തിയാൽ നിയമപ്രകാരമുള്ള പലിശ ക്രൂസ് ക്ലെയിം ചെയ്യുന്നപക്ഷം പഞ്ചായത്ത് നൽകാൻ ബാധ്യസ്ഥമാണ്. ആയതിനാൽ ഇക്കാര്യത്തിൽ തുടർനടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-24 ഡി & ഒ ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു

കേരള പഞ്ചായത്ത് രാജ് ആക്റ്റ് സെക്ഷൻ 232 പ്രകാരം മനുഷ്യന്റെ ജീവനോ ആരോഗ്യത്തിനോ വസ്തു വകകൾക്കോ അപകടകരമോ, അസഹ്യതയുണ്ടാക്കുന്നതോ ആയേക്കാനിടയുള്ളതുമായ ഏതെങ്കിലും കാര്യങ്ങൾക്ക് സെക്രട്ടറി നൽകിയ ലൈസൻസ് കൂടാതെയും ആ ലൈസൻസിൽ പറഞ്ഞിട്ടുള്ള നിബന്ധനകൾക്കനുസരണമല്ലാതെയും പഞ്ചായത്ത് പ്രദേശത്ത് യാതൊരു സ്ഥലവും ഉപയോഗിക്കാൻ പാടില്ലാത്തതാകുന്നു.

1996 ലെ കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ -ചട്ടം 4 പ്രകാരം ഇക്കാര്യം പഞ്ചായത്ത് പരസ്യപ്പെടുത്തേണ്ടതാണ്. ചട്ടം 5 പ്രകാരം 1)ാം പട്ടികയിൽ പറഞ്ഞ കാര്യങ്ങൾക്ക് ഉപയോഗിക്കുന്ന ഏതൊരു സ്ഥലത്തിന്റെയും ഉടമസ്ഥനോ കൈവശക്കാരനോ അങ്ങനെയുള്ള ആവശ്യത്തിന് അങ്ങനെയുള്ള സ്ഥലം ഉപയോഗിക്കുന്നതിന് പരസ്യം പ്രസിദ്ധപ്പെടുത്തി 30 ദിവസത്തിനകം അപേക്ഷ നൽകേണ്ടതാണ്

പഞ്ചായത്തിൽ വാണിജ്യാവശ്യങ്ങൾക്കായി നമ്പർ നൽകിയിട്ടുള്ള കെട്ടിടങ്ങളുടെ വിവരങ്ങൾ (സഞ്ചയ പ്രകാരം) താഴെ ചേർക്കുന്നു.

| ഇനം | എണ്ണം |
|---|---|
| 100 ച. മീ. വരെ വിസ്തൃതിയുള്ള കെട്ടിടങ്ങൾ | 1694 |
| 100 ച. മീ. ക്ക് മുകളിൽ വിസ്തൃതിയുള്ളത് | 31 |
| 200 ച. മീ. വരെ വിസ്തൃതിയുള്ള ഷോപ്പിങ് മാളുകൾ | - |
| 200 ച. മീ. മുകളിൽ വിസ്തൃതിയുള്ള ഷോപ്പിങ് മാളുകൾ | 10 |
| വ്യവസായിക ആവശ്യത്തിനുള്ളത് | 20 |
| ഇതര വ്യവസായത്തിനുള്ളത് | 15 |
| ആകെ | 1770 |

സഞ്ചയ പ്രകാരം 2018-19 വർഷം പഞ്ചായത്തിൽ വാണിജ്യാവശ്യങ്ങൾക്കായി നമ്പർ നൽകിയിട്ടുള്ള 1770 കെട്ടിടങ്ങൾ ഉണ്ട്. ഇതിൽ 165 കെട്ടിടങ്ങൾ നികുതി ഒഴിവാക്കപ്പെട്ടവയാണ്. അങ്ങനെയെങ്കിൽ 1605 വാണിജ്യ കെട്ടിടങ്ങൾ വിവിധ ആവശ്യങ്ങൾക്ക് ഉപയോഗപ്പെടുത്താനുള്ള സാദ്ധ്യത നിലനില്ക്കുന്നതായി കാണാം. എന്നാൽ 2018-19 സാമ്പത്തിക വർഷത്തിൽ 204 പേർ മാത്രമാണ് ഡി&ഒ ലൈസൻസ് എടുത്തിട്ടുള്ളത്. നിലവിൽ ധാരാളം പേർ ലൈസൻസ് ഇല്ലാതെ വിവിധ ആവശ്യങ്ങൾക്കായി ഈ കെട്ടിടങ്ങൾ ഉപയോഗിക്കാൻ സാദ്ധ്യത ഉണ്ട്. ആയതിനാൽ ഇത്തരത്തിൽ ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന കെട്ടിടങ്ങൾ കണ്ടെത്തി ലൈസൻസ് എടുപ്പിക്കുന്നതിന് വേണ്ടി സ്വീകരിച്ച നടപടികൾ സംബന്ധിച്ച വിശദീകരണം നൽകേണ്ടതാണെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 10/2018-19 (തീയതി 16.10.19) ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

പഞ്ചായത്തിൽ വാണിജ്യാവശ്യങ്ങൾക്കായി ഉപയോഗിക്കുന്ന കെട്ടിടങ്ങളിൽ ഡി & ഒ ലൈസൻസ് എടുക്കാതെ പ്രവർത്തിക്കുന്നവയുണ്ടോ എന്ന് വാർഡ് തലത്തിൽ പരിശോധന നടത്തി കണ്ടെത്തേണ്ടതും അത്തരത്തിൽ പ്രവർത്തിക്കുന്നവയ്ക്കെതിരെ നടപടി സ്വീകരിക്കേണ്ടതുമാണ്.

# 1-25 തൊഴിൽ നികുതി പൂർണ്ണമായും ഡിമാന്റ് ചെയ്തു എന്നുറപ്പുവരുത്തിയില്ല

തൊഴിൽ നികുതി ഈടാക്കുന്നതിനായി കേരള പഞ്ചായത്ത് രാജ് ആക്റ്റ്, കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ എന്നിവ പ്രകാരം താഴെ പറയുന്ന വ്യവസ്ഥകൾ പാലിക്കേണ്ടതാണ്.

1. കേരള പഞ്ചായത്ത് രാജ് ആക്റ്റ് സെക്ഷൻ 205 ബി, കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ – ചട്ടം 13 പ്രകാരം എല്ലാ കെട്ടിടങ്ങളുടെയും ഉടമസ്ഥരോട് കെട്ടിടം ഉപയോഗിക്കുന്നവരുടെ വിവരം ലഭ്യമാക്കാൻ സ്ഥാപനം നോട്ടീസ് നല്കേണ്ടതും നിശ്ചിത ഫോറത്തിൽ വിവരം വാങ്ങാവുന്നതുമാണ്

2) കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ -ചട്ടം 14 പ്രകാരം നോട്ടീസ് മൂലം സെക്രട്ടറിക്ക് തൊഴിലുടമയോട് ജീവനക്കാരോ, ഉദ്യോഗസ്ഥൻമാരോ കരാറുകാരോ ആയി ജോലി ചെയ്യുന്ന എല്ലാവരുടെയും പേര് അടങ്ങിയ ലിഖിതമായ ലിസ്റ്റ് അങ്ങനെ ജോലിയിൽ ഏർപ്പെടുത്തിയിട്ടുള്ള ആളുടെ ശമ്പളത്തേയോ വരുമാനത്തേയോ സംബന്ധിച്ച ഒരു സ്റ്റേറ്റ്മെന്റ് സഹിതം സെക്രട്ടറി ആവശ്യപ്പെടേണ്ടതാണ്.

3.. കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ -ചട്ടം 16 പ്രകാരം തൊഴിലുടമയോടോ, അവരുടെ പ്രതിനിധികളോടോ തൊഴിലെടുക്കുന്നവരുടെ വിവരം രണ്ടാം നമ്പർ ഫോറത്തിൽ ലഭ്യമാക്കാൻ ഒന്നാം നമ്പർ ഫോറത്തിൽ നോട്ടീസ് നൽകേണ്ടതാണ്.

എന്നാൽ നികുതി ഒടുക്കാൻ ബാധ്യസ്ഥമായ സ്ഥാപനങ്ങൾ, തൊഴിലാളികൾ, വരുമാനദായകർ എന്നിവരെ കണ്ടെത്താനുള്ള മേൽ നടപടിക്രമങ്ങൾ സ്ഥാപനത്തിൽ പാലിക്കപ്പെട്ടിട്ടില്ല. വാടകയിലൂടെ വരുമാനമാർജ്ജിക്കുന്ന കെട്ടിട ഉടമകളെ ഉൾപ്പെടുത്തിയും ക്രമനം 1 ൽ സൂചിപ്പിച്ച, കെട്ടിട ഉടമകൾ ലഭ്യമാക്കുന്ന വിവരങ്ങളും 3ൽ സൂചിപ്പിച്ച ഫോറം 2ലെ വിവരങ്ങളും അടിസ്ഥാനപ്പെടുത്തിയുമാണ് ഇൻസ്റ്റിറ്റ്യൂഷൻ രജിസ്റ്റർ, ഡിമാന്റ് രജിസ്റ്റർ എന്നിവ തയ്യാറാക്കേണ്ടത്. ഈ നടപടിക്രമങ്ങൾ പാലിക്കാത്തതുകൊണ്ട്, കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്നവർ മാത്രമല്ല കെട്ടിട ഉടമകളും തൊഴിൽ നികുതി പരിധിയിൽ നിന്നും ഒഴിവാക്കപ്പെട്ടു.

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 204, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം.4 എന്നിവ പ്രകാരം ഓരോ അർദ്ധ വർഷവും തുടർച്ചയായോ പലപ്പോഴായോ, 60 ദിവസം ജോലി/ തൊഴിൽ ചെയ്തിട്ടുണ്ടെങ്കിൽ നികുതിക്ക് വിധേയനാകുന്നതാണ്.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നിയമപരമായി ലഭിക്കേണ്ട മുഴുവൻ നികുതികളും ഫീസുകളും ചോർച്ച കൂടാതെ പിരിച്ചെടുക്കുന്നു എന്നുറപ്പു വരുത്തേണ്ട ഉത്തരവാദിത്തം ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിക്കും ഉദ്യോഗസ്ഥർക്കുമുണ്ട്. നികുതി പിരിവ് വർദ്ധിപ്പിക്കുന്നതിന് ബജറ്റ് ചർച്ചകളിൽ ഇക്കാര്യം ഉൾപ്പെടുത്തേണ്ടത് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ചുമതലയാണ്.

പഞ്ചായത്ത് പരിധിയിൽ തൊഴിൽ നികുതി അടയ്ക്കാൻ ബാദ്ധ്യതപ്പെട്ട എല്ലാവരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്തു എന്നുറപ്പുവരുത്തിയിട്ടില്ല. വാർഡ് തലത്തിൽ പരിശോധന നടത്തി ട്രേഡേഴ്സ് ലിസ്റ്റും തയ്യാറാക്കിയിട്ടില്ല. ഇക്കാര്യത്തിൽ പഞ്ചായത്ത് സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.9/2018-19 (തിയ്യതി 16.10.2019) ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി തൊഴിൽ നികുതി ഡിമാന്റ് ചെയ്യാത്ത സ്ഥാപനങ്ങൾ കണ്ടെത്തി അവയ്ക്ക് ഡിമാന്റ് നോട്ടീസ് നൽകി തൊഴിൽ നികുതി ഈടാക്കേണ്ടതാണ്.

# 1-26 ആർദ്രം പദ്ധതി-ഒരു അവലോകനം

സർക്കാർ ആശുപത്രികളുടെ വിപുലീകരണം, പ്രാഥമികാരോഗ്യകേന്ദ്രങ്ങളെ കുടുംബ ആരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റുക, ജീവിത ശൈലി രോഗങ്ങളിൽ നിന്നും പരിരക്ഷ, കുറഞ്ഞ ചെലവിൽ മരുന്നുകൾ ലഭ്യമാക്കുക, നഴ്സിംഗ് വിദ്യാഭ്യാസ രംഗത്ത് അന്താരാഷ്ട്ര നിലവാരം, ആരോഗ്യ സ്ഥാപനങ്ങളിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് താഴെ

തട്ടിൽ നിന്നും തന്നെയുള്ള നിയന്ത്രണം എന്നിവയാണ് ആർദ്രം പദ്ധതി ലക്ഷ്യം വയ്ക്കുന്നത്. ആർദ്രം പദ്ധതി പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളിൽ മരുന്ന് ലഭ്യത ഉറപ്പ് വരുത്തുകയും സാംക്രമികേതര രോഗങ്ങളുടെ പ്രതിരോധ പ്രവർത്തനങ്ങൾ, തുടർ ചികിത്സ എന്നിവയ്ക്ക് ഊന്നൽ നൽകുകയും ചെയ്യുന്നതാണ്. ആരോഗ്യ പരിപാലന രംഗത്തും ആശുപത്രികളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ പങ്ക് ശക്തിപ്പെടുത്തുകയും ചെയ്യുന്നതാണ്.

മടവൂർ ഗ്രാമപഞ്ചായത്തിൽ ആരോഗ്യ മേഖലയിൽ മരുന്നു വാങ്ങൽ, പാലിയേറ്റീവ് പരിചരണ പദ്ധതി തുടങ്ങിയ പ്രോജക്ടുകൾ നടപ്പിലാക്കിയിട്ടുണ്ട്. പഞ്ചായത്തിൽ ആയുർവ്വേദം,ഹോമിയോ ഡിസ്പെൻസറികളും പി.എച്ച്.സി യും പ്രവർത്തിക്കുന്നുണ്ട്. ആർദ്രം പദ്ധതി നടപ്പിലാക്കുക വഴി പി.എച്ച്.സി കുടുബാരോഗ്യകേന്ദ്രമാക്കി ഉയർത്തുന്നതിനുള്ള നടപടികൾ പ്രാരംഭ ദിശയിലാണ്.

## 1-27 ലൈഫ് പദ്ധതി-അവലോകനം

നവ കേരള കർമ്മ പദ്ധതിയുടെ ഭാഗമായി സ്വന്തമായി ഭൂമിയുള്ളവർക്ക് വീട് പൂർത്തിയാക്കുന്നതിന് ഉതകുന്ന തരത്തിലുള്ള ധനസഹായം ഉറപ്പാക്കുകയും നിർമ്മാണം അപൂർണ്ണമായ വീടുകളുടെ പൂർത്തീകരണത്തിന് സഹായം ലഭ്യമാക്കുകയും അതോടൊപ്പം ഭൂരഹിത ഭവന രഹിത കുടുംബങ്ങൾക്ക് ഭവന സമുച്ചയങ്ങൾ അടിസ്ഥാനമാക്കിയുള്ള സമഗ്രപുനരധിവാസപദ്ധതിയും സ്വന്തംജീവനോപാധി കണ്ടെത്താനുള്ള കൈത്താങ്ങും ലൈഫ് മിഷൻ ലക്ഷ്യമിടുന്നു. മടവൂർ ഗ്രാമ പഞ്ചായത്തിൽ 2018-19ൽ ലൈഫ് മിഷന്റെ ഭാഗമായി എസ്സ്.സി, ജനറൽ എന്നിവയിൽ ഭവനപദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ഇതിൽ എസ്സ്.സി വിഭാഗത്തിൽ 2 പേർക്കും ജനറൽ വിഭാഗത്തിൽ 15 പേർക്കും വീട് അനുവദിച്ചിട്ടുണ്ട്. ഗുണഭോക്താക്കൾ വീട് നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ട്. ദാരിദ്ര്യ ലഘൂകരണ വർക്കിംഗ് ഗ്രൂപ്പ് മിനിട്സ് പരിശോധിച്ചതിൽ ലൈഫിന്റെ ഗുണഭോക്താക്കളുടെ വീട് നിർമ്മാണത്തിന്റെ പുരോഗതിയെ കുറിച്ചോ, ഗുണഭോക്താക്കളുടെ തെരഞ്ഞെടുപ്പ് സംബന്ധിച്ചോ ഉള്ളരേഖപ്പെടുത്തലുകൾ ഇല്ല.സ.ഉ.നം10/2017/ആ.സാ.വ. തിയ്യതി 19-4-17ലെ 6.3.1.3 പ്രകാരം ദാരിദ്ര്യ ലഘൂകരണ വർക്കിംഗ് ഗ്രൂപ്പ് ലൈഫ് മിഷന്റെ കർമ്മ സേനയായി പ്രവർത്തിക്കേണ്ടതാണ്. സ.ഉ.(എം.എസ്സ്)നം. 151/2017/ ത.സ്വ.ഭ.വ തിയ്യതി 31-7-2017 ലെ അനുബന്ധം 1ലെ 11 കരട് ഗുണഭോക്താക്കൾ പട്ടിക പ്രസിദ്ധപ്പെടുത്തൽ പ്രകാരം കുടുംബശ്രീ തയ്യാറാക്കി നൽകിയ അർഹരായവരുടെ ഗുണഭോക്തൃ പട്ടിക പരിശോധിച്ച് അംഗീകാരം നൽകുന്നതിനായി തദ്ദേശ സ്വയം ഭരണ സ്ഥാപന തലത്തിൽ സ്ക്രൂട്ടനി ആൻഡ് അപ്പീൽ കമ്മിറ്റിയ്ക്ക് രൂപം നൽകേണ്ടതാണ്. അത്തരമൊരു കമ്മിറ്റി രൂപീകരിച്ചതിന്റെ വിശദാംശങ്ങൾ ലഭ്യമല്ല. ലൈഫ് മിഷന്റെ പൂർണ്ണമായ ലക്ഷ്യം കൈവരിക്കുന്നതിന് മേൽ ഉത്തരവ് പ്രകാരമുള്ള നടപടിക്രമങ്ങൾ ആവശ്യമാണ്. ലൈഫ് മിഷന്റെ തുടർ പ്രവർത്തനങ്ങളുടെ നടത്തിപ്പിൽ മേൽ വിഷയത്തിൽ ബന്ധപ്പെട്ട ഭരണസമിതി ശ്രദ്ധ പതിപ്പിക്കേണ്ടതാണ്.

## 1-28 ഹരിതകേരളം മിഷൻ പദ്ധതി -അവലോകനം

നവകേരളം കർമ്മ പദ്ധതിയുടെ ഭാഗമായി നടപ്പാക്കുന്ന ഹരിതകേരളം മിഷന്റെ പ്രധാന ലക്ഷ്യങ്ങൾ ഭക്ഷ്യവസ്തുക്കളുടെ ഉത്പാദനം വർദ്ധിപ്പിക്കുകയും വൃത്തിയും ജലസമൃദ്ധിയും വീണ്ടെടുക്കുകയുമാണ്. ശുചിത്വ – മാലിന്യ സംസ്കരണം, ജലസംരക്ഷണം, കൃഷിവികസനം എന്നിങ്ങനെ മൂന്ന് ഉപദൗത്യങ്ങളാണ് ഹരിതകേരള മിഷനുള്ളത്.

ഗ്രാമപഞ്ചായത്തിൽ 2018-19 സാമ്പത്തികവർഷത്തിൽ ആറു പ്രൊജക്ടുകളാണ് കാർഷിക മേഖലയിൽ നടപ്പിൽ വരുത്തിയത്. ഭക്ഷ്യവസ്തുക്കളുടെ ഉല്പാദനം വർദ്ധിപ്പിക്കുന്നതിനായി വളങ്ങളും വിത്തുകളും തൈകളും വിതരണം നടത്തിയിട്ടുണ്ട്. നെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി നെൽവിത്ത്, കുമ്മായം,വളം എന്നിവയും കൂലിചെലവും നൽകുകയുണ്ടായെങ്കിലും നെൽകൃഷിയുടെ വിസ്തൃതി വർദ്ധിപ്പിക്കാനായിട്ടില്ല. പഞ്ചായത്തിന്റെ സ്റ്റാറ്റസ് റിപ്പോർട്ട് പ്രകാരം 1507ഹെക്ടർ കൃഷിയ്ക്ക് അനുയോജ്യമായ വിസ്തൃതിയുള്ളതിൽ 130 ഹെക്ടറിൽ മാത്രമാണ് കൃഷിചെയ്യുന്നത്. കൂടാതെ പഞ്ചായത്തിൽ 15 ഹെക്ടർ തരിശുഭൂമിയുള്ളതിൽ 10 ഹെക്ടർ കൃഷിയോഗ്യമാണെങ്കിലും അതിൽ കൃഷിചെയ്യാനുള്ള നടപടികൾ പഞ്ചായത്ത് സ്വീകരിച്ചിട്ടില്ല. ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പ് മിനിട്സ് പരിശോധിച്ചതിൽ കൃഷിക്ക് അനുയോജ്യമായ സ്ഥലത്ത് കൃഷി വ്യാപിപ്പിക്കുന്നതിനെ കുറിച്ച് നിർദ്ദേശങ്ങളില്ല. ജലസംരക്ഷണത്തിന്റെ ഭാഗമായി 3 ഗുണഭോക്താക്കളുടെ കിണർ റീചാർജ് ചെയ്യുന്ന പ്രവർത്തി മാത്രമാണ് ചെയ്തിട്ടുള്ളത്. ഹരിതകേരള മിഷന്റെ ഭാഗമായി നിലവിലുള്ള ജലസ്രോതസ്സുകളുടെ സംരക്ഷണം, പരിപാലനം എന്നിവയെ കുറിച്ചുള്ള നിർദ്ദേശങ്ങൾ, ചർച്ചകൾ എന്നിവ വർക്കിംഗ്ഗ് ഗ്രൂപ്പ് നടത്തിയിട്ടില്ല. മാലിന്യ സംസ്കരണ മേഖലയിൽ വിവിധ പ്രൊജക്ടുകൾക്കായി തുക വകയിരുത്തിയിരുന്നുവെങ്കിലും പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്ന് ശേഖരിക്കുന്ന പ്ലാസ്റ്റിക് മാലിന്യങ്ങൾ നിറവ് സീറോ വേസ്ററ് മാനേജ്മെന്റ് മുഖേന ഡിസ്പോസ് ചെയ്യുന്ന പ്രൊജക്ടും വീടുകളിൽ റിംഗ്കമ്പോസ്റ്റ് സ്ഥാപിക്കുന്ന പ്രൊജക്ടും മാത്രമാണ് നടപ്പിലാക്കിയിട്ടുള്ളത്. 157 വീടുകളിൽ റിംഗ് കമ്പോസ്റ്റ് സ്ഥാപിച്ചിട്ടുണ്ട്.

മാലിന്യസംസ്കരണം, സ്കൂളുകൾക്ക് ബയോഗ്യാസ് സ്ഥാപിക്കൽ, യു.പി,എൽ.പി.സ്കൂളുകൾക്ക് പോർട്ടബിൾ ബയോഗ്യാസ് സ്ഥാപിക്കൽ തുടങ്ങിയ പ്രൊജക്ടുകൾ നടപ്പിലാക്കിയിട്ടില്ല. വർക്കിംഗ് ഗ്രൂപ്പ് മിനുട്സ് മാലിന്യ സംസ്കരണം സംബന്ധിച്ച് നിർദ്ദേശങ്ങൾ വെയ്ക്കുന്നുണ്ടെങ്കിലും പ്രൊജക്ട് രൂപീകരണത്തിലും രൂപീകരിച്ചവ നടപ്പിലാക്കുന്നതിലും വേണ്ടത്ര വിജയിച്ചിട്ടില്ല. പഞ്ചായത്തിൽ മാലിന്യ സംസ്കരണത്തിനായി M.R.F സംവിധാനം നിലവിലില്ല.
ഹരിതകേരള മിഷന്റെ ലക്ഷ്യങ്ങൾ നിറവേറ്റുന്നതിനാവശ്യമായ പ്രൊജക്ടുകൾ ഏറ്റെടുത്ത് നടപ്പാക്കാൻ വർക്കിംഗ് ഗ്രൂപ്പ്, സ്റ്റാന്റിംഗ് കമ്മറ്റികൾ എന്നിവർ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

# 1-29 പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം - ഗ്രാമപഞ്ചായത്ത് തലത്തിൽ

പൊതു വിദ്യാലയങ്ങളിലെത്തുന്ന ഓരോ വിദ്യാർത്ഥിയുടെയും നൈസർഗ്ഗികമായ കഴിവുകൾ കണ്ടെത്തി അഭിരുചികൾക്കനുസൃതമായി പരമാവധി വികസിപ്പിക്കാനുള്ള സമൂഹത്തിന്റെ പൊതു ആസ്തികളായി സ്കൂളുകളെ മാറ്റുകയാണ് പൊതു വിദ്യാഭ്യാസ സംരക്ഷണയജ്ഞം ലക്ഷ്യമാക്കുന്നത്. ഇതിന് പര്യാപ്തമായ രീതിയിൽ പൊതു വിദ്യാലയങ്ങളിലെ പഠന ബോധന പ്രക്രിയയുടെ ഗുണനിലവാരം, അടിസ്ഥാന സൗകര്യങ്ങൾ എന്നിവ മെച്ചപ്പെടുത്തി വിദ്യാർത്ഥികളുടെ അറിവ്, നൈപുണികൾ, മനോഭാവം എന്നിവ ലോകോത്തര നിലവാരത്തിലേക്കുയർത്തണം.

ഓരോ തദ്ദേശ ഭരണസ്ഥാപനത്തിന്റെ പരിധിയിലുള്ള പ്രീ പ്രൈമറി മുതൽ ഹയർ സെക്കണ്ടറി വരെയുള്ള സ്കൂളുകളെ മികവിന്റെ കേന്ദ്രങ്ങളാക്കി ഉയർത്തുന്നതിന് ക്ലാസ് മുറികൾ ഹൈടെക് ക്ലാസ് മുറികളാക്കുകയും ഇംഗ്ലീഷ് ഭാഷാ പ്രാവീണ്യമുൾപ്പെടെ വിദ്യാർത്ഥികളിൽ ആശയവിനിമയ ശേഷി വർദ്ധിപ്പിക്കുന്നതിനാവശ്യമായ പദ്ധതികൾ നടപ്പിലാക്കുകയും ചെയ്യാവുന്നതാണ്. ലബോറട്ടറി, ലൈബ്രറി, കലാ-കായിക പഠനസൗകര്യങ്ങൾ തുടങ്ങിയ മേൻമയുള്ള അടിസ്ഥാന സൗകര്യങ്ങൾ ഓരോ പൊതു വിദ്യാലയത്തിലും ഉറപ്പാക്കേണ്ടതാണ്.

പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ലക്ഷ്യങ്ങൾ നിറവേറ്റുന്നതിനാവശ്യമായ വാർഷികപദ്ധതികൾ ആസൂത്രണം ചെയ്യുന്നതിനുവേണ്ടി വിദ്യാഭ്യാസ മേഖലാ വർക്കിംഗ് ഗ്രൂപ്പ് പൊതു വിദ്യാഭ്യാസ സംരക്ഷണ മിഷന്റെ കർമ്മസേനയായി പ്രവർത്തിക്കുന്നതാണ്.

വർക്കിംഗ് ഗ്രൂപ്പ് മിനുട്സ് പരിശോധിച്ചതിൽ പദ്ധതി ലക്ഷ്യം സാക്ഷാത്കരിക്കുന്ന വിധത്തിലുള്ള ചർച്ചകളോ, നിർദ്ദേശങ്ങളോ കാണുന്നില്ല. 2018-19, 2019-20 ലെ സ്റ്റാറ്റസ് റിപ്പോർട്ടിൽ അടിസ്ഥാനവിവരങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല. ലഭ്യമായ സ്ഥിതിവിവരക്കണക്കുകൾ കാലികമാക്കിയിട്ടില്ല. കാലാനുസൃതമല്ലാത്ത സ്ഥിതിവിവര കണക്കുകൾ ഉപയോഗിച്ചാണ് പദ്ധതികൾ ആസൂത്രണം ചെയ്യുന്നത്. സ്റ്റാറ്റസ് റിപ്പോർട്ടുകളിൽ ഓരോ വർഷവും ആവശ്യമായ മാറ്റം വരുത്തി പുതിയ സ്ഥിതി വിവരക്കണക്കുകൾ ഉൾപ്പെടുത്തേണ്ടതാണ്.

2018-19 ൽ വിദ്യാഭ്യാസമേഖലയിൽ നടപ്പാക്കിയ പ്രൊജക്ടുകളുടെ വിശദാംശം താഴെ കൊടുക്കുന്നു.

| ക്രമ നം. | പ്രൊജക്ടിന്റെ പേര് | വകയിരുത്തിയ തുക | ചെലവഴിച്ച തുക |
|---|---|---|---|
| 1 | എസ്.എസ്.എ.വിഹിതം നൽകൽ | 7,00,000/- | 7,00,000/- (വികസന ഫണ്ട്) |
| 2 | എസ്.എസ്.എ.വിഹിതം നൽകൽ | 3,00,000/- | 3,00,000/- (എസ്.സി.പി) |
| 3 | പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് | 140000/- | 115560/- (ടി.എസ്.പി.) |
| 4 | പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് സ്കൂൾ കിറ്റ് വിതരണം | 30,000/- | 8190/- (ടി.എസ്.പി ) |

മേൽ പ്രൊജക്ടുകളെല്ലാം തന്നെ പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞവുമായി ഇണങ്ങിച്ചേർന്നാണ് നിൽക്കുന്നത്. കുട്ടികളുടെ നൈസർഗ്ഗികമായ കഴിവുകൾ വളർത്തുന്നതിനാവശ്യമായ പ്രൊജക്ടുകൾ ഏറ്റെടുത്ത് നടപ്പിലാക്കാൻ

ശ്രദ്ധിക്കേണ്ടതാണ്. ആവശ്യമായ സ്കൂളുകളിൽ സ്മാർട്ട് ക്ലാസ്റൂമുകളും ലബോറട്ടറി,ലൈബ്രറി സൗകര്യവും ഏർപ്പെടുത്തേണ്ടതാണ്. എസ്.എസ്.എ.വിഹിതം നൽകുന്നതിന് മുന്നോടിയായി പ്രൊജക്റ്റ് സംബന്ധിച്ച വിശദമായ ചർച്ചകൾ വർക്കിംഗ് ഗ്രൂപ്പിലോ മറ്റ് കമ്മിറ്റികളിലോ നടത്തിയതായി കാണുന്നില്ല. പ്രൊജക്റ്റ് പൂർത്തിയാക്കിയത് സംബന്ധിച്ച വിവരങ്ങൾ പരിശോധനയ്ക്ക് വിധേയമാക്കേണ്ടതാണ്.

ആരാമ്പ്രം ജി.എം.യു..പി സ്കൂളിൽ ഒൻപതും പൈമ്പാലിശ്ശേരി എൽ.പി.സ്കൂളിൽ നാലും സ്മാർട്ട് ക്ലാസ്സ് റൂമുകൾ നിലവിലുണ്ട്.എല്ലാ ക്ലാസ്സും സ്മാർട്ട് ക്ലാസ്സ് റൂമുകളാക്കാനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നുണ്ട്. ഇത് പൊതു വിദ്യാലയത്തെ മികവിന്റെ കേന്ദ്രമാക്കി മാറ്റുന്നതിന് വളരെ പ്രയോജനകരമാണ്. പൊതു വിദ്യാഭ്യാസമേഖലയിൽ ഒരു ലോവർ പ്രൈമറി ഗവ. വിദ്യാലയവും ഏഴ് ലോവർ പ്രൈമറി എയ്ഡഡ് വിദ്യാലയങ്ങളും ഒരു അപ്പർ പ്രൈമറി ഗവ. വിദ്യാലയവും മൂന്ന് അപ്പർ പ്രൈമറിഎയ്ഡഡ് വിദ്യാലയവുമാണ് ഗ്രാമപഞ്ചായത്ത് പരിധിയിലുള്ളത്. സ്കൂളുകളുടെ അടിസ്ഥാന സൗകര്യങ്ങളെ സംബന്ധിച്ചോ കുട്ടികളുടെ എണ്ണത്തെ സംബന്ധിച്ചോ ഉള്ള പുതിയ സ്ഥിതിവിവര കണക്കുകളൊന്നും സ്റ്റാറ്റസ് റിപ്പോർട്ടിൽ ലഭ്യമല്ല.

വർക്കിംഗ് ഗ്രൂപ്പ് മോണിറ്ററിംഗ് കമ്മറ്റിയായി പ്രവർത്തിക്കേണ്ടതാണെങ്കിലും അത്തരം ചർച്ചകളൊന്നും കമ്മിറ്റിയിൽ നടന്നിട്ടില്ല. പ്രൊജക്റ്റ് ഫയലുകളോടൊപ്പം മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ടുകളും സൂക്ഷിച്ചിട്ടില്ല. ആയത് കൊണ്ട് തന്നെ നടപ്പാക്കിയ പ്രൊജക്ടുകൾ എത്രത്തോളം പ്രയോജനപ്രദമായി എന്നും പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ലക്ഷ്യം നേടുന്നതിൽ വിജയിച്ചോ എന്നും പരിശോധിക്കപ്പെടുന്നില്ല.

ഗ്രാമപ്രദേശങ്ങളിലെ വിദ്യാർത്ഥികളിൽ ഇംഗ്ലീഷ് ഭാഷാ പ്രാവീണ്യമുൾപ്പെടെ ആശയവിനിമയശേഷി വർദ്ധിപ്പിക്കുന്നതിനും ലാബോറട്ടറി, ലൈബ്രറി സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും ആവശ്യമായ പ്രൊജക്ടുകൾ ഏറ്റെടുത്തു നടപ്പാക്കിയിട്ടില്ല. പ്രൊജക്ടുകളുടെ ആസൂത്രണത്തിന് മുന്നോടിയായി വർക്കിംഗ് ഗ്രൂപ്പിന്റെ (കർമ്മസേന) നേതൃത്വത്തിൽ ഏറ്റവും പുതിയ സ്ഥിതിവിവരകണക്കുകൾ ഉൾപ്പെടുത്തി സ്റ്റാറ്റസ് റിപ്പോർട്ട് പുതുക്കേണ്ടതും ആയതിനനുസരിച്ച് പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ലക്ഷ്യം നിറവേറ്റാനുതകുന്ന പ്രൊജക്ടുകൾ ആസൂത്രണം ചെയ്യേണ്ടതും ആസൂത്രണം ചെയ്ത് നടപ്പാക്കുന്ന പ്രൊജക്ടുകൾ പദ്ധതി നടത്തിപ്പ് വേളയിലും അന്തിമഘട്ടത്തിലും വിശദമായി വിലയിരുത്തേണ്ടതുമാണ്.

## 1-30 വസ്തുനികുതി ഇളവ് അനുവദിക്കൽ-ചട്ടങ്ങൾ പാലിക്കുന്നില്ല.

2011ലെ കേരള പഞ്ചായത്തീരാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർച്ചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 21(ബി)1-ാം ഉപചട്ട പ്രകാരം നികുതിഇളവ് ചെയ്തുകിട്ടുന്നതിനുള്ള കാലം കണക്കാക്കേണ്ടത്, ആ ആവശ്യത്തിനുള്ള നോട്ടീസ് നൽകിയതീയതി മുതൽക്കോ കെട്ടിടം ഒഴിഞ്ഞു കിടന്ന തീയതി മുതൽക്കോ, ഇതിൽ ഏത് ഒടുവിൽ വരുന്നുവോ ആ തീയതി മുതൽ കണക്കാക്കേണ്ടതാകുന്നു.2018-19 ലെ വേക്കൻസി റെമിഷൻ അപേക്ഷകൾ പരിശോധിച്ചതിൽ ചില കെട്ടിട നമ്പരുകളുടെ നികുതി ഒഴിവാക്കുന്നതിനുള്ള അപേക്ഷ ലഭിച്ച തിയതിക്ക് മുമ്പെ ഇളവ് ചെയ്തു കൊടുത്തതായി കാണുന്നു. ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു. പരിശോധനക്ക് ലഭ്യമാക്കിയ രജിസ്റ്റർ രജിസ്റ്റർ പ്രകാരം എല്ലാ അപേക്ഷകളിലും മുൻകൂട്ടി ഇളവ് അനുവദിച്ചതായി കാണുന്നുണ്ട്.

| ക്രമ നം. | കെട്ടിട ഉടമയുടെ പേര് | കെട്ടിട നമ്പർ | അപേക്ഷ തിയ്യതി | ഇളവ് അനുവദിച്ച തീയ്യതി |
|---|---|---|---|---|
| 1 | അബ്ദുൾ സലാം.സി | 271D | 12.10.2018 | 01.10.2018 |
| 2 | അബ്ദുൾ സലാം.സി | 271E | 12.10.2018 | 01.10.2018 |

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട്നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.ഫയലുകൾ പരിശോധിച്ച് അപാകതകൾ പരിഹരിക്കേണ്ടതാണ്. സെക്ഷൻ ക്ലർക്കുമാരുടെയും മേലുദ്യോഗസ്ഥരുടെയും സൂക്ഷ്മതക്കുറവാണ് അപാകതക്ക് കാരണം. ആഭ്യന്തര നിയന്ത്രണം ശക്തിപ്പെടുത്തി അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-31 എസ്.എസ്.എ - എസ്.സി.പി.വിഹിതം ആനുപാതികനിരക്കിലും അധികം നൽകി

പ്രൊജക്റ്റിന്റെ പേര് -- എസ്.എസ്.എ.പഞ്ചായത്ത് വിഹിതം നൽകൽ

പ്രൊജക്ടിന്റെ നമ്പർ -- 71/2019

<u>വകയിരുത്തിയ തുക</u> <u>ചെലവ് തുക</u>

എസ്.സി.പി -3,00,000 Bill no.2/18-19 തി.24.9.18 3,00,000/-

ഹെഡ്മാസ്റ്റർ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കിയ മേൽ പദ്ധതിയിൽ പട്ടികജാതി വിദ്യാർത്ഥികൾക്ക് വേണ്ടി ചെലവഴിക്കുന്ന തുക പട്ടികജാതി ഉപപദ്ധതിവിഹിതത്തിൽനിന്നും വഹിക്കാവുന്നതാണ്. (സ.ഉ.കൈ.നം.11/2018തസ്വഭവ, തീയതി 29.01.18- ഖ.5.2.1(2) ) 2018-19ൽ രണ്ടു പ്രൊജക്ടുകളിലായി 10 ലക്ഷം രൂപ (7,00,000+3,00,000) ഈയിനത്തിൽ വകയിരുത്തി ചെലവഴിച്ചിട്ടുണ്ട്. അതായത് ആകെ ചെലവിന്റെ 30% തുകയും എസ്.സി.പി.ഫണ്ടിൽനിന്നാണ് ചെലവഴിച്ചത്. പ്രസ്തുത വർഷം ഗ്രാമപഞ്ചായത്തിലെ 12 സ്കൂളുകളിലായി പഠനം നടത്തിയ കുട്ടികളുടെ വിശദാംശം താഴെ കൊടുക്കുന്നു.

| ആകെ കുട്ടികളുടെ എണ്ണം | എസ്.സി. കുട്ടികളുടെ എണ്ണം | ശതമാനം |
|---|---|---|
| 3432 | 202 | 5.88 |

ആകെ കുട്ടികളുടെ 5.881% പട്ടികജാതികുട്ടികളുള്ള പഞ്ചായത്തിൽ 30% എസ്.സി.പി.വിഹിതം എസ്.എസ്.എ.ക്കു വേണ്ടി ചെലവഴിച്ചതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ മുൻവർഷങ്ങളിലും ഇതേരീതിയിലാണ് ഫണ്ട് നൽകിയതെന്നും ഭാവിയിൽ പട്ടികജാതി കുട്ടികളുടെ എണ്ണത്തിന് ആനുപാതികമായി മാത്രം ഫണ്ട് വിനിയോഗിക്കാമെന്നും അറിയിച്ചിട്ടുണ്ട്. എസ്.സി.പി.വിഹിതം സർക്കാർ നിർദ്ദേശ പ്രകാരം ചെലവഴിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

# 1-32 വസ്തുനികുതി കണക്കാക്കുന്നതിലെ അപാകതകൾ

1. 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർച്ചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 3(4)(5) 4(1) എന്നിവ പ്രകാരം അടിസ്ഥാന വസ്തുനികുതി നിരക്ക് നിശ്ചയിക്കുന്നതിന് ചട്ടം 5(3) അനുശാസിക്കുന്നതു പോലെ ഉപയോഗ ക്രമത്തിനനുസരിച്ച് ഓരോ ഇനം കെട്ടിടത്തിനും നികുതി നിരക്ക് കണക്കാക്കേണ്ടത്. എന്നാൽ 100 ച.മീറ്ററിൽ കൂടുതലുള്ള ഒരു വാണിജ്യ കെട്ടിടത്തിന് വ്യത്യസ്ത നമ്പർ നൽകാനായി ഓരോ നമ്പറിനും വിസ്തീർണ്ണം ഭാഗിച്ചു നൽകുമ്പോൾ 100 ച.മീറ്ററിൽ കുറവു വരുന്ന നമ്പരുകൾക്ക് 100 ച. മീറ്ററിൽ കൂടുതലുള്ള വാണിജ്യകെട്ടിടത്തിന് നിശ്ചയിച്ച നികുതിനിരക്ക് പരിഗണിക്കാതെ 100 ച.മീറ്ററിൽ കുറവു വരുന്ന കെട്ടിടത്തിന്റെ നികുതി നിരക്ക് അടിസ്ഥാനമാക്കി നികുതി നിശ്ചയിക്കുന്നതായി കണ്ടുവരുന്നു.

2. ഒരു കെട്ടിടത്തിന് വ്യത്യസ്ത നമ്പറുകൾ നൽകാനായി, ഓരോ നമ്പറിനും കെട്ടിടവിസ്തീർണ്ണം കണക്കാക്കുമ്പോൾ, കെട്ടിടത്തിലെ പൊതുവായ സ്ഥലങ്ങൾ ഒഴിവാക്കി വിസ്തീർണ്ണം കണക്കാക്കുന്നതുമൂലം പഞ്ചായത്തിന് നികുതി നഷ്ടം സംഭവിക്കുന്നതായി കാണുന്നു.

ഓഡിറ്റിൽ ചൂണ്ടികാണിച്ചതും മേൽ അപാകതകളുള്ളതുമായ ഫയലുകളിലെ അപാകതകൾ പരിഹരിച്ച് നഷ്ടം വന്ന തുക ഈടാക്കിയിട്ടുണ്ട്. 2018-19ലെ എല്ലാ ഫയലുകളും പുനപരിശോധനക്ക് വിധേയമാക്കേണ്ടതാണ്.എഞ്ചിനീയറിംഗ് വിഭാഗത്തിന്റെയും മേലുദ്യോഗസ്ഥരുടെയും സൂക്ഷ്മതകുറവാണ് അപാകതക്ക് കാരണം .ആഭ്യന്തരനിയന്ത്രണം ശക്തമാക്കി അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

# 1-33 പാലിയേറ്റീവ് പരിചരണ പദ്ധതി - മുഴുവൻ തുകയ്ക്കുള്ള ഉപകരണങ്ങൾ ലഭ്യമായിട്ടില്ല

പ്രോജക്ടിന്റെ പേര് : പാലിയേറ്റീവ് കെയർ പ്രോജക്റ്റ്

പ്രൊജക്ട് നം. S0065/19

അടങ്കൽ തുക : 4,80,000/-(4,20,000 (വികസന ഫണ്ട്)

60,000(തനത് ഫണ്ട്))

ചെലവ് തുക : 4,71,953/- (4,19,062 (വികസന ഫണ്ട്)

52,891 (തനത് ഫണ്ട്))

നിർവ്വഹണം : മെഡിക്കൽ ഓഫീസർ (പി.എച്ച്.സി)

മേൽ പ്രോജക്റ്റിൽ ബിൽ നം.8/2018-19/29.11.2018പ്രകാരം 22,727/- രൂപ മരുന്നും മെഡിക്കൽ അനുബന്ധ ഉപകരണങ്ങളും വാങ്ങുന്നതിനായി കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷന് കൈമാറിയിട്ടുണ്ട്. ഇതിൽ 6037/- രൂപയുടെ മരുന്ന് ലഭിച്ചിട്ടുണ്ട്. എന്നാൽ ഈ ബില്ലിൽ ഉൾപ്പെട്ട മെഡിക്കൽ അനുബന്ധ ഉപകരണങ്ങളായ ഗ്ലൂക്കോമീറ്റർ (1), വാക്കർ 5),എയർ ബെഡ്(3), ബി.പി. അപ്പാരറ്റസ്(2) എന്നിവ ലഭിക്കാൻ അവശേഷിക്കുന്നുണ്ട്. തുക നൽകി ഒരു വർഷത്തോളമായിട്ടും ഉപകരണങ്ങൾ ലഭ്യമാക്കിയിട്ടില്ല. ആയത് ലഭ്യമാക്കി അറിയിക്കേണ്ടതാണ്.

# 1-34 വികലാംഗർക്ക് സൈഡ് വീൽ സ്കൂട്ടർ അനുവദിക്കൽ- പദ്ധതി നടത്തിപ്പിലെ അപാകതകൾ

നിർവ്വഹണം – ഐ സി ഡി എസ് സൂപ്പർവൈസർ

അടങ്കൽ – 2,40,000 രൂപ (വികസന ഫണ്ട്)

ചെലവ് – 2,40,000 രൂപ ( ബിൽ നമ്പർ . 11/18-19 dtd 25.03.2019)

ഐ.സി.ഡി .എസ്. സൂപ്പർവൈസർ നിടപ്പിലാക്കിയിട്ടുള്ള മേൽ പദ്ധതിയിൽ 240000 രൂപ ചെലവഴിച്ച് സൈഡ് വീൽ സ്കൂട്ടർ വാങ്ങി 3 ഗുണഭോക്താക്കൾക്ക് നൽകിയിട്ടുണ്ട്. പദ്ധതി നടത്തിപ്പിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1. 14.02.2018 ലെ സ.ഉ(കൈ)22/2018/ത.സ്വ.ഭ.വ. ഉത്തരവ് പ്രകാരമുള്ള പദ്ധതി മാർഗ്ഗരേഖ ഖണ്ഡിക 7.12.2 പ്രകാരം സൈഡ് വീൽ ഘടിപ്പിച്ച സ്കൂട്ടർ വാങ്ങി നൽകുമ്പോൾ ഗുണഭോക്താവിന് ഈ വാഹനം ഓടിക്കാൽ ലേണേഴ്സ് ലൈസൻസ് ഉണ്ടായിരിക്കണം. കൂടാതെ ഇയാൾ സ്കൂട്ടർ ഓടിക്കാൻ കഴിവുള്ളയാളാണെന്ന് ഡോക്ടർ സാക്ഷ്യപ്പെടുത്തണം. ഇവിടെ സ്കൂട്ടർ നൽകിയ ശ്രീ.ശ്യാംജിത്ത് എന്ന ഗുണഭോക്താവിന് ഈ 2 രേഖകളും ഇല്ലാതെയാണ് സ്കൂട്ടർ വാങ്ങി നൽകിയിട്ടുള്ളത്.

2.ശ്രീ.അഷ്റഫ്. എൻ. എന്ന ഗുണഭോക്താവിന് മെഡിക്കൽ ഓഫീസർ നൽകിയ റിപ്പോർട്ടിൽ സ്കൂട്ടറിൽ ബാക്ക് റെസ്റ്റ് ഉണ്ടായിരിക്കണമെന്ന് സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. സ്കൂട്ടർ വാങ്ങി നൽകിയപ്പോൾ നിർവ്വഹണ ഉദ്യോഗസ്ഥ ഈ ആവശ്യകത പരിഗണിച്ചിട്ടില്ല.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് 21/18-19 ന് 17.10.2019 ന് നിർവ്വഹണ ഉദ്യോഗസ്ഥ ലഭ്യമാക്കിയ മറുപടിയിൽ ശ്രീ.ശ്യാംജിത്ത് എന്ന ഗുണഭോക്താവിന്റെ മെഡിക്കൽ ഓഫീസറുടെ സാക്ഷ്യ പത്രം ലേണേഴ്സ് ലൈസൻസ് എന്നിവ ഹാജരാക്കുമെന്ന് അറിയിച്ചിട്ടുണ്ട്. ശ്രീ.അഷ്റഫ്. എൻ എന്ന ഗുണഭോക്താവിന് ഡോക്ടറുടെ നിർദ്ദേശപ്രകാരമല്ലാതെ സ്കൂട്ടർ നൽകിയതിന് ലഭ്യമാക്കിയ വിശദീകരണം തൃപതികരമല്ല. 240000രൂപയുടെ ചെലവ് തടസ്സത്തിൽ വയ്ക്കുന്നു.

# 1-35 ഗുണനിലവാരം ഉറപ്പു വരുത്താതെ ഭക്ഷ്യ മിശ്രിതം വിതരണം ചെയ്തു

നിർവ്വഹണം – ഐ സി ഡി എസ് സൂപ്പർവൈസർ

ചെലവ് – 3300000 രൂപ

21 അങ്കണവാടികളിലെ കുട്ടികൾക്കായി എസ്.ഒ 19/2018-19 (അങ്കണവാടി പോഷകാഹാര പദ്ധതി) യിൽ ഉൾപ്പെടുത്തി ടി.എച്ച് ആർ.എസ് ഭക്ഷ്യ മിശ്രിതം വാങ്ങി വിതരണം ചെയ്തിട്ടുണ്ട്. അമൃതം പോഷകാഹാര നിർമ്മാണ യൂണിറ്റ്, തേജസ്സി ഫുഡ് പ്രൊഡക്ട്സ് എന്നീ ന്യൂട്രീമിക്സ് കുടുംബശ്രീ യൂണിറ്റുകളിൽനിന്നാണ് ഭക്ഷ്യമിശ്രിതം അങ്കണവാടികൾ വഴി കുട്ടികൾക്ക് വിതരണം ചെയ്യുന്നത്. എന്നാൽ ഈ ന്യൂട്രീമിക്സ് സാമ്പിളുകൾ ഫുഡ് ടെസ്റ്റ് ലാബുകളിൽ പരിശോധനക്ക് വിധേയമാക്കണമെന്ന സാമൂഹ്യക്ഷേമ ഡയറക്ടറുടെ ഐ.സി ഡി.എസ് ബി.3-312/ 2010/18-12-10 - ലെ കത്തിലെ നിർദ്ദേശങ്ങൾ പാലിക്കാതെയാണ് തുക കൈമാറിയിട്ടുള്ളത് ക്ഷേമകാര്യ സ്റ്റാന്റിങ് കമ്മറ്റി ഇക്കാര്യത്തിൽ യാതൊരു ഇടപെടലും നടത്തിയിട്ടില്ല' അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് 12/18-19 ന് 17.10.2019 ന് നിർവ്വഹണ ഉദ്യോഗസ്ഥ ലഭ്യമാക്കിയ മറുപടിയിൽ വിതരണ യൂണിറ്റിനോ ശിശു വികസന പദ്ധതി ഓഫീസർക്കോ ഭക്ഷണ വിതരണ സമയത്ത് പരിശോധനയ്ക്ക്

ലഭ്യമാക്കാൻ സാധിക്കാറില്ല എന്നും ഇതിന് പരിഹാര നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്. അപാകത പരിഹരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-36 ആയുർവ്വേദ ആശുപത്രി ചുറ്റുമതിൽ നിർമ്മാണം പ്രവർത്തി നടന്നില്ല പ്രൊജക്ട് തെറ്റായ രീതിയിൽ റിവൈസ് ചെയ്ത് ഇതേ പേരിൽ മറ്റ് പ്രവർത്തികൾ നടത്തി.

നിർവ്വഹണ ഉദ്യോഗസ്ഥൻ - അസിസ്റ്റന്റ് എഞ്ചിനീയർ

പദ്ധതി - എസ്.ഒ 171/19

ചെലവ് -199590 (30205,എം.ജി.എൻ.ആർ-) ബിൽ നമ്പർ,തിയ്യതി 38/31.12.18

കരാറുകാരൻ - ശ്രീ.കെ.പി.അലി

കരാർ - 61/17-18/22.03.2018

ആയുർവ്വേദ ആശുപത്രിയ്ക്ക് ചുറ്റമതിൽ നിർമ്മിയ്ക്കുന്നതിനാണ് പദ്ധതി തയ്യാറാക്കി അംഗീകാരം വാങ്ങിയിട്ടുള്ളത്. കരാർ ചമച്ച് കരാറുകാരന് 22.03.2018 ന് സൈറ്റ് കൈമാറിയിട്ടുണ്ടെങ്കിലും യഥാസമയം പ്രവർത്തി ആരംഭിച്ചില്ല. ടി പ്രവർത്തി 21.09.2018 ന് പൂർത്തിയേകാണ്ടതായിരുന്നു. സമയ ബന്ധിതമായി പ്രവർത്തി ആരംഭിയ്ക്കാതെ കരാറുകാരൻ 26.08.18 ന് പ്രോജക്ട് റിവൈസ് ചെയ്യാൻ അപേക്ഷിച്ചിട്ടുണ്ട്. ഈ അപേക്ഷയിൽ കരാറുകാരൻ ആവശ്യപ്പെട്ടത് പ്രവർത്തി തുടങ്ങാൻ ചെന്നപ്പോൾ എച്ച.എം.സി തീരുമാന പ്രകാരം എസ്റ്റിമേറ്റ് പ്രകാരമുള്ള പ്രവർത്തിയല്ല ആശുപത്രിയ്ക്ക് വേണ്ടത് എന്നതിനാൽ പ്രൊജക്ട് റിവൈസ് ചെയ്യണംഎന്നാണ്. 12.09.2018 ലെ 1(5) നമ്പർ തീരുമാന പ്രകാരം ഭരണ സമിതി ഈ പ്രൊജക്ട് റീവൈസ് ചെയ്യാൻ തീരുമാനിച്ചു. നിലവിലെ എസ്ററിമേറ്റുമായി യാതൊരു ബന്ധവുമില്ലാത്ത പെയിന്റിങ്ങ്, വാതിൽ മാറ്റി വയ്ക്കൽ, പിൻഭാഗം ഇന്റർലോക്കിങ്ങ് എന്നീ പ്രവർത്തികൾ നിലവിലെ ഫണ്ടിൽ പരിമിതപ്പെടുത്തിക്കൊണ്ട് റിവൈസ് ചെയ്ത് നടപ്പിലാക്കി. നിലവിലുള്ള എസ്ററിമേററിൽ ചുറ്റമതിൽ നിർമ്മാണത്തിനുള്ള എെറ്റത്തിന് നിരക്ക് പൂജ്യം രേഖപ്പെടുത്തി പുതിയ പ്രവർത്തികൾ എക്സ്ട്രാ ഐറ്റമായി പ്രോജക്ട് പ്രവർത്തിയുടെ പേര് ആയുർവ്വേദ ആശുപത്രിയ്ക്ക് ചുറ്റമതിൽ നിർമ്മിയ്ക്കുക എന്ന് നില നിർത്തിക്കൊണ്ട് പ്രൊജക്ട് റിവൈസ് ചെയ്തു. പൊതുമരാമത്ത് മാന്വൽ 1601.1.4 പ്രകാരം ഇത്തരം സാഹചര്യങ്ങളിൽ റീ കാസ്റ്റ് എസ്റ്റിമേറ്റായിരുന്ന തയ്യാറാക്കേണ്ടിയിരുന്നത്. അതായത് പ്രവർത്തി ആരംഭിയ്ക്കുന്നതിന് മുമ്പായി പ്രവർത്തിയുടെ എസ്റ്റിമേറ്റിൽ മാറ്റങ്ങൾ ആവശ്യമായി വരുന്ന സാഹചര്യത്തിൽ നിലവിൽ അംഗീകാരം ലഭിച്ച എസ്റ്റിമേറ്റ് ക്യാൻസൽ ചെയ്ത് പുതിയ എസ്റ്റിമേറ്റ് തയ്യാറാക്കണം. ഇവിടെ നിലവിലുള്ള എസ്റ്റിമേറ്റിൽ ചുറ്റമതിലിനുള്ള പ്രവർത്തി ഐറ്റത്തിൽ നിരക്ക് പൂജ്യമായി കാണിച്ചുകൊണ്ട് എക്സ്ട്രാ ഐറ്റമായി പുതിയ പ്രവർത്തികൾ ചേർത്ത് പ്രൊജക്റ്റ് റിവൈസ് ചെയ്യുകയാണ് ചെയ്തത്. പ്രോജക്ട് നിർമ്മാണവേളയിൽ വർക്കിങ്ങ് ഗ്രൂപ്പ് പദ്ധതി ആവശ്യകത നിർണയിച്ചതിലും വീഴ്ച ഉണ്ടായിട്ടുണ്ട്. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് 13/18-19 നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-37 പരനിലം എസ്.സി കുടിവെള്ള പദ്ധതി പൂർത്തീകരണം പദ്ധതി നടത്തിപ്പിലെ അപാകതകൾ

ഉദ്യോഗസ്ഥൻ - അസിസ്റ്റന്റ് എഞ്ചിനീയർ

പദ്ധതി - എസ്.ഒ 172/19

ചെലവ് -662578 (ജില്ലാ പഞ്ചായത്ത് ഫണ്ട് )
ചെക്ക് നമ്പർ,തിയ്യതി - 079901/ 2018-19/14.09.18-480328 , 079902/26.03.19-182250

കരാറുകാരൻ - ശ്രീ.കെ.കെ.നൗഷാദ്

പരനിലം എസ്.സി കുടിവെള്ള പദ്ധതി പ്രവർത്തി ഫയൽ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ .

1.ഈ പദ്ധതിയിൽ എസ്റ്റിമേറ്റ് പ്രകാരമുള്ള കുടിവെള്ള പദ്ധതിയുടെ പ്രവർത്തി ശ്രീ..കെ.കെ നൗഷാദ് ഏറ്റെടുക്കുകയും 25.05.2018 ന് പ്രവർത്തി പൂർത്തീകരിയ്ക്കുകയും 14.09.18 ബിൽ തുക അനവദിക്കുകയും ചെയ്തിട്ടുണ്ട്. എസ്റ്റിമേറ്റ് പ്രകാരം 16

ഇനം പ്രവർത്തികൾ ഉള്ളതിൽ 09 ഇനം മാത്രമാണ് കരാറുകാരൻ ചെയ്ത് ഫൈനൽ ബിൽ അനുവദിച്ചിട്ടുള്ളത്. പദ്ധതി പ്രകാരം കുടി വെള്ള വിതരണം ആരംഭിച്ചോ എന്ന് വ്യക്തമല്ല.

2.പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് പ്രവൃത്തികളുടെ മോണിട്ടറിംഗ് വർക്കിംഗ് ഗ്രൂപ്പ് നടത്തിയിട്ടില്ല.

3. ഈ കുടി വെള്ള പദ്ധതിയ്ക്കായി പി.ഡബ്ല്യു.ഡി ഇലക്ട്രിക്കൽ ഡിവിഷന്റെ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ 182250 മോട്ടോർ സ്ഥാപിക്കുന്നതിനായി ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട് . കരാറിൽ ഏർപ്പെടാതെയാണ് തുക കൈമാറിയിട്ടുള്ളത്. തുകയുടെ വിനിയോഗ സർട്ടിഫിക്കറ്റ് ലഭ്യമായിട്ടില്ല. പദ്ധതിയ്ക്കായി മോട്ടോർ സ്ഥാപിച്ചതിന്റെ ഇൻസ്റ്റലേഷൻ റിപ്പോർട്ട് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

4 എം.ബുക്ക് പ്രകാരം (531/19) 25.05.2018 ന് പ്രവർത്തി പൂർത്തിയായിട്ടുണ്ട്. പദ്ധതി കമ്മീഷൻ ചെയ്തതിന്റെയോ ഗുണഭോക്തൃസമിതിയ്ക്ക് കൈമാറിയതിന്റെയോ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല

5. ജില്ലാ പഞ്ചായത്തിൽ നിന്ന് ഈ പദ്ധതിയ്ക്കായി ലഭിച്ച 700000 രൂപയിൽ 662578 രൂപ മാത്രമേ ചെലവഴിച്ചിട്ടുള്ളൂ. സംയുക്ത പ്രോജക്ടുകൾക്കായി ഫണ്ടു നൽകിയ തദ്ദേശസ്ഥാപനം തൻ വർഷങ്ങളിൽ ചെലവായി കാണിച്ചിട്ടുള്ള തുകകൾ ചെലവഴിയ്ക്കാതെ ബാങ്ക് അക്കൗണ്ടിൽ സൂക്ഷിക്കുന്നത് ജി.ഒ.(പി)നം119/2015/ധനം/21.03.15 ഉത്തരവിലെ നിർദ്ദേശങ്ങൾക്ക് വിരുദ്ധമാണ്.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് 15/18-19 നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയിട്ടില്ല. 662578 രൂപയുടെ ചെലവ് തടസ്സത്തിൽ വെയ്ക്കുന്നു.

# 1-38 ജാഗ്രതാ സമിതി ശക്തിപ്പെടുത്തൽ - പദ്ധതി നടപ്പിനായി വാങ്ങിയ ലാപ് ടോപ്പ് ഉപയോഗിക്കാത്തതിനാൽ പദ്ധതി പണം പാഴായി

പ്രൊജക്ട് നമ്പർ – 119/18

നിർവ്വഹണം – ഐ സി ഡി എസ് സൂപ്പർവൈസർ

അടങ്കൽ – 50,000 രൂപ (വികസന ഫണ്ട്)

ചെലവ് – 35000 രൂപ ( ബിൽ നമ്പർ . 14/18-19 dtd 24.03.2019)

ജാഗ്രതാ സമിതിയുടെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിലൂടെ പഞ്ചായത്തിലെ വനിതകളുടേയും കുട്ടികളുടേയും ക്ഷേമം വർദ്ധിപ്പിക്കുന്നതിനും അതിലൂടെ സ്ത്രീകൾക്കും കുട്ടികൾക്കും സുരക്ഷിത ജീവിതം ഉണ്ടാക്കുന്നതിനുമാണ് മേൽ പ്രൊജക്ട് രൂപീകരിച്ചത്. ഈ പ്രൊജക്ടിൽ ഉൾപ്പെടുത്തി 35000 രൂപ വിലയുള്ള ഒരു ലാപ് ടോപ്പ് ക്വട്ടേഷൻ പ്രകാരം ബിസ്സയർ പവർ സൊലൂഷൻ എന്ന സ്ഥാപനത്തിൽ നിന്ന് വാങ്ങിയിട്ടുണ്ട്. എന്നാൽ ഈ കമ്പ്യൂട്ടർ ജാഗ്രതാ സമിതിയുടെ പ്രവർത്തനത്തിന് ഉപയോഗിക്കുന്നില്ല. നിലവിൽ പഞ്ചായത്തിൽ ജാഗ്രതാ സമിതി പ്രവർത്തിക്കുന്നില്ല. ജാഗ്രതാ സമിതിയുടെ മിനുട്സ് പരിശോധിച്ചതിൽ 10.01.2014 ന ശേഷം യോഗം ചേർന്നിട്ടില്ല. വാങ്ങിയ ലാപ് ടോപ്പ് പരിശോധിച്ചപ്പോൾ അത് പ്രവർത്തനക്ഷമമല്ലെന്നു കാണുന്നു. ആവശ്യകതയില്ലാതെ ലാപ് ടോപ്പ് വാങ്ങി വികസന ഫണ്ട് പാഴാക്കിയതിന് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് 17/18-19 നിർവ്വഹണ ഉദ്യോഗസ്ഥ ലഭ്യമാക്കിയ മറുപടിയിൽ പഞ്ചായത്ത് ഓഫീസ് പൊളിച്ച സാഹചര്യത്തിലാണ് ലാപ്പ് ടോപ്പ് ജാഗ്രതാ സമിതിയുടെ പ്രവർത്തനത്തിന് ഉപയോഗിയ്ക്കാത്തത് എന്ന് എന്ന് അറിയിച്ചിട്ടുണ്ട്. പഞ്ചായത്ത് തലത്തിൽ ജാഗ്രതാ സമിതിയുടെ പ്രവർത്തനം ശക്തിപ്പെടുത്തി മിനിട്ട്സുകൾ പരിശോധനയ്ക്ക് ഹാജരാക്കുന്നതുവരെ ചെലവ് തുക 35000 രൂപ തടസ്സത്തിൽ വയ്ക്കുന്നു.

# 1-39 പൊതു മരാമത്ത് പ്രവർത്തി ബില്ലിൽ നിന്ന് ഓവർ ഹെഡ് ചാർജ് ഈടാക്കുന്നത് സംബന്ധിച്ച്

പഞ്ചായത്തിലെ പൊതു മരാമത്ത് പ്രവൃത്തികളിൽ പ്രൈസ് സോഫ്റ്റ് വെയർ വഴി തയ്യാറാക്കിയ എസ്റ്റിമേറ്റ് പ്രകാരമാണ് പ്രവൃത്തികൾ നടപ്പാക്കുന്നത്. ഇപ്രകാരമുള്ള പ്രവൃത്തികളുടെ ഡാറ്റാ പരിശോധിച്ചതിൽ എല്ലാ ഇനങ്ങൾക്കും നിരക്കുകൾ കണക്കാക്കിയിരിക്കുന്നത് ജി.ഒ.(ആർ.ടി)2480/ 2010/ തസ്വഭവ/29.07.2010 നമ്പർ ഉത്തരവ് പ്രകാരം 10% ഓവർഹെഡ് ചാർജ്ജും അതിന്മേൽ കരാറുകാരന്റെ 10% ലാഭവും ഉൾപ്പെടുത്തിയാണ്. ഇതു സംമ്പന്ധിച്ച് താഴെ പറയുന്ന അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

1)2017-18 വർഷത്തിൽ 1-11-2017 ലെ ജി ഒ (പി) 87 / 2017/ത സ്വഭവ ഉത്തര വിലെ നിർ ദ്ദേശപ്രകാരം 1 -7 - 2017 ന ശേഷമുള്ള പൊതുമരാമത്ത് പ്രവർത്തിക ളിൽ ബിൽ തുകയിൽ നിന്ന് ജി.എസ്.ടി ഈടാക്കിയിട്ടില്ല. ടാക്സ് പ്രൊവിഷൻ ഉൾപ്പെടെയുള്ള കാര്യങ്ങൾ ക്കാണ് 10% ഓവർ ഹെഡ് ചാർജ് ഡാറ്റയിൽപ്പെടുത്തുന്നത്. എന്നാൽ പ്രവർത്തിബില്ലിൽ നിന്ന് 1% ആദായ നികുതിയും 1% തോഴിലാളി ക്ഷേമനിധിയും മാത്രമേ ഈടാക്കുന്നുള്ളൂ. ആയതിനാൽ കരാറുകാരനിൽ നിന്ന് ജി.എസ്.ടി. ഈടാക്കാത്ത സാഹചര്യത്തിൽ ഓവർ ഹെഡ്ചാർജിലെ ഈയിനത്തിലെ ടാക്സ് പ്രൊവിഷൻ കരാറുകാരിൽ നിന്ന് തിരികെ ഈടാക്കാത്തതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

2) MoRD സ്പെസിഫിക്കേഷൻ അനുസരിച്ച് തയ്യാറാക്കിയ സ്റ്റാൻഡേർഡ് ഡാറ്റാബുക്ക് പ്രകാരമുള്ള ഡാറ്റയെ അടിസ്ഥാനമാക്കിയാണ് PRICE LSGD ൽ MoRD പ്രകാരമുള്ള ഇനങ്ങളുടെ നിരക്ക് കണക്കാക്കിയിരിക്കുന്നത്. സ്റ്റാൻഡേർഡ് ഡാറ്റാബുക്ക് തയ്യാറാക്കുന്നതിനുള്ള അടിസ്ഥാന സമീപനങ്ങളും പൊതുമാനദണ്ഡങ്ങളും വിവരിക്കുന്ന ആമുഖത്തിലെ ഖണ്ഡിക നം. 4 ൽ ഓവർഹെഡ് ചാർജ്ജ് ഉൾപ്പെട്ടത്തിന്റെ സാഹചര്യം വ്യക്തമാക്കുന്നുണ്ട്. റോഡ് പ്രവൃത്തികൾക്ക് 10% വും പാലം പ്രവൃത്തികൾക്ക് 20% വും OH കണക്കാക്കിയത് 17 ഇനങ്ങളിലായി കരാറുകാരന് വരാനിടയുള്ള ചെലവുകൾ പരിഗണിച്ചുകൊണ്ടാണെന്ന് മേൽപറഞ്ഞ ഖണ്ഡികയിൽ സൂചിപ്പിക്കുന്നു. ഇവയിൽ പ്രധാനപ്പെട്ടവ പ്ലാന്റുകൾ, ആക്സസ് റോഡുകൾ, ജലവിതരണം, വൈദ്യുതി, സൈറ്റിലെ താമസം എന്നിവയ്ക്കുള്ള ചെലവ്, സൈറ്റ് ഓഫീസ് സ്ഥാപിക്കുന്നതിനുള്ള ചെലവ്, ലേബർ നിയമ പ്രകാരമുള്ള ചെറിയ തോതിലുള്ള ക്യാമ്പുകൾ സ്ഥാപിക്കുന്നതിനുള്ള ചെലവ്, മേൽനോട്ടത്തിനുള്ള ചെറിയ വാഹനങ്ങൾ ഏർപ്പെടുത്തുന്നതിനുള്ള ചെലവ്, MoRD സ്പെസിഫിക്കേഷൻ പ്രകാരമുള്ള ഗുണനിലവാര പരിശോധന നടത്തുന്നതിനും ഇതിന് ലാബ് ഒരുക്കുന്നതിനുമുള്ള ചെലവ്, വാച്ച് & വാർഡ് ഏർ പ്പെടുത്തുന്നതിനുള്ള ചെലവ്, നിർമ്മാണ സമയത്ത് പരിസ്ഥിതി സംരക്ഷിക്കുന്നതിനുള്ള ചെലവ് തുടങ്ങിയവയാണ്. ഗ്രാമപഞ്ചായത്തിന്റെ റോഡ് പ്രവൃത്തികൾ പരിഗണിക്കുമ്പോൾ മേൽപറഞ്ഞവ അപ്രസക്തവുമായ ഘടകങ്ങൾക്ക് ആണ്. ഗ്രാമപഞ്ചായത്തുകളുടെ പ്രത്യേക സാഹചര്യത്തിൽ റോഡുകൾ വളരെ ചെറുതായതു കൊണ്ടും ഇതുതന്നെ ഭാഗികമായി ചെയ്യുന്നതിനാൽ കുറഞ്ഞ പ്രോജക്ട് ചെലവ് മാത്രം വരുമെന്നതിനാലും മേൽപറഞ്ഞ ചെലവുകൾ കരാറുകാരന് വഹിക്കേണ്ടി വരുന്നില്ല. എന്നാൽ വലിയ പ്രവൃത്തികൾക്കെന്നപോലെ ഓവർഹെഡ് ചാർജ്ജ് പൂർണ്ണമായും (10%) നൽകുന്നത് അനർഹമാണ്. കൂടാതെ ഇത് പഞ്ചായത്തിന് വൻ സാമ്പത്തിക നഷ്ടവും ഉണ്ടാക്കുന്നു. ഈ സോഫ്റ്റ് വെയറിൽ തന്നെ തയ്യാറാക്കുന്ന MoRTH സ്പെസിഫിക്കേഷനിൽ റോഡ് നിർമ്മാണ ത്തിന് 5% ഓവർഹെഡ് ചാർജ്ജാണ് നല്കിവരുന്നത്. മേൽ സാഹചര്യത്തിൽ കരാറുകാർക്ക് ഓവർഹെഡ് ചാർജ്ജിനത്തിൽ അധിക തുക നൽകിയതിന് വിശദമായ മറുപടി നൽകുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

## ഭാഗം -2

# വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

### [KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഈ ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

- ഇല്ല

## ഭാഗം -3

# ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

### [KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

## 3-1 ലാപ് ടോപ്പ് വിതരണം - സബ്സിഡി മാർഗ്ഗരേഖാ നിർദ്ദേശങ്ങൾ പാലിച്ചില്ല

പ്രൊജക്ടിന്റെ പേര് – എസ്.ടി.വിദ്യാർത്ഥികൾക്ക് ലാപ് ടോപ് വാങ്ങൽ

പ്രൊജക്ടിന്റെ നമ്പർ – 96/2019

വകയിരുത്തിയ തുക ചെലവ് തുക – ടി.എസ്.പി -1,40,000 Bill No.3/18-19 തി.27.319 293441/-

ഹെഡ്മാസ്റ്റർ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കിയ മേൽ പദ്ധതി പ്രകാരം പഞ്ചായത്തിൽ താമസക്കാരായ പ്രൊഫഷണൽ കോഴ്സിനു പഠിക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ലാപ് ടോപ് നൽകുകയാണ് ലക്ഷ്യം.

ആയതു പ്രകാരം ടെണ്ടർ വഴി ബിസ്സയർ പവർ സൊല്യൂഷൻസിൽ നിന്നും ഒരു ലാപ് ടോപ്പിന് 29890/- രൂപ പ്രകാരം നാല് ലാപ് ടോപ്പുകൾ വാങ്ങി.(Invoice no:BIZ/C/074 dtd. 7.01.19)

14.02.2018ലെ സർക്കാർ ഉത്തരവ് (കൈ) 22/2018 നമ്പർ സബ്സിഡി മാർഗ്ഗരേഖ ഖണ്ഡിക 7.2.8 പ്രകാരം ബിരുദം, ബിരുദാനന്തര ബിരുദം, പോളിടെക്നിക് (ഡിപ്ളോമ), എഞ്ചിനീയറിംഗ്, മെഡിക്കൽ, കമ്പ്യൂട്ടർ സയൻസ് (ഡിപ്ളോമ, ബിരുദം, ബിരുദാനന്തരബിരുദം) ചാർട്ടേഡ് എക്കൗണ്ടന്റ് ആർട്ടിക്കിൾഷിപ്പ് എന്നീ കോഴ്സുകൾക്ക് സർക്കാർ, എയിഡഡ്, സ്വാശ്രയസ്ഥാപനങ്ങളിലോ, സർവ്വകലാശാലാ അഫിലിയേഷൻ ഉള്ള സ്ഥാപനങ്ങളിലോ പഠിക്കുന്ന പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് സ്ഥാപന മേധാവിയുടെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ 30,000/- രൂപയിൽ അധികരിക്കാത്ത വിലയുള്ള ലാപ് ടോപ്പ് വാങ്ങി നൽകാവുന്നതാണ്. പദ്ധതി നടത്തിപ്പിലെ അപാകതകൾ താഴെ കൊടുക്കുന്നു.

1.സബ്സിഡി മാർഗ്ഗരേഖപ്രകാരം അനുവദനീയമല്ലാത്ത ആറുമാസത്തെ കമ്പ്യൂട്ടർ കോഴ്സിന് (e-Zone)പഠിക്കുന്ന അക്ഷയ്.ടി.s/oഭാസ്കരൻ, കൈതക്കുഴിയിൽ, മടവൂർ എന്ന വിദ്യാർത്ഥിക്ക് ലാപ് ടോപ്പ് നൽകി.

2.പട്ടികവർഗ്ഗ വികസന വകുപ്പിൽ നിന്നും ഇതേ ആനുകൂല്യം ഗുണഭോക്താക്കൾക്ക് മുമ്പ് നൽകിയിട്ടില്ല എന്ന സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (01/8.10.19)ലഭ്യമാക്കിയ മറുപടിയിൽ അക്ഷയ്.ടി. s/oഭാസ്കരൻ, കൈതക്കുഴിയിൽ, മടവൂർ എന്ന വിദ്യാർത്ഥി ഹാജരാക്കിയ സർട്ടിഫിക്കറ്റിൽ ഡിപ്ളോമ കോഴ്സ് എന്നാണ് കാണിച്ചിട്ടുള്ളതെന്നും ഇതിന്റെ കാലാവധി സംബന്ധിച്ച് വ്യക്തത വരുത്താൻ വിട്ടുപോയതാണെന്നും പിഴവ് മാപ്പാക്കിതരണമെന്നും ആവശ്യപ്പെട്ടിട്ടുണ്ട്.

എന്നാൽ സബ്സിഡി മാർഗ്ഗരേഖയിൽ ആനുകൂല്യം അനുവദിക്കാമെന്ന് വ്യക്തമാക്കാത്ത മേൽ കോഴ്സിൽ പഠിക്കുന്നവർക്ക് ആനുകൂല്യം നൽകിയത് അംഗീകരിക്കാവുന്നതല്ല.

അർഹതയില്ലാത്തവർക്ക് ലാപ് ടോപ് നൽകിയ വകയിൽ ചെലവായ 29890/- രൂപ ഉത്തരവാദിയായ ഹെഡ്മാസ്റ്ററിൽനിന്നും ഈടാക്കി വികസന ഫണ്ടിൽ അടവാക്കേണ്ടതും ഭാവിയിൽ സർക്കാർ നിർദ്ദേശങ്ങൾക്കനുസരിച്ച് അർഹതയുള്ളവർക്കുമാത്രമായി ആനുകൂല്യങ്ങൾ പരിമിതപ്പെടുത്താൻ ശ്രദ്ധിക്കേണ്ടതുമാണ്.

## 3-2 തുറന്ന കുടിവെള്ള കിണർ ശുചിത്വമുള്ള കുടിവെള്ള കിണറാക്കി മാറ്റൽ -പ്രോജക്ട് നിർവഹണത്തിലെ അപാകതകൾ

പ്രൊജക്ട് നം -31 /18-19

അടങ്കൽ - 300000

ചെലവ് തുക - 56000

ബിൽനം/തുക -28/27-2-19/32000

-7/22-9-18 /24000

വി.ഇ.ഒ നിർവ്വഹണ ഉദ്യോഗസ്ഥനായ മേൽ പ്രൊജക്ടുപ്രകാരം 18-19 സാമ്പത്തികവർഷത്തിൽ കുടിവെള്ള കിണർ ശുചിത്വ കിണറാക്കി മാറുന്നതിന് 19 പേർക്ക് ധനസഹായം നൽകാനായിരുന്നു ലക്ഷ്യമിട്ടിട്ടുള്ളത്. ഇതിൽ 18-

19 ൽ 7 പേർക്കും, 19-20 സാമ്പത്തിക വർഷത്തിൽ ബിൽനം 31/6-5-19 പ്രകാരം 12 പേർക്കും 8000 രൂപ വീതം കൈമാറിയിട്ടുണ്ട്. പദ്ധതി നിർവ്വഹണത്തിൽ ചുവടെ ചേർത്ത അപാകത കാണുന്നു.

1. ജി.ഒ.(എം.എസ്സ്.)22/18 .L.S.G.D തിയ്യതി14.2.18 ഖ.6.6.4 പ്രകാരം, മേൽ പ്രൊജക്ടിനായി അനുവദിക്കാവുന്ന സബ്സിഡി നിരക്കിന്റെ ഉയർന്ന പരിധി 6000/ രൂപയാണ്. 2000/-രൂപ വീതം ഗുണഭോക്താക്കൾക്ക് അധികം നൽകിയിട്ടുണ്ട്.
2. മേൽ സൂചിപ്പിച്ച മാർഗ്ഗരേഖ പ്രകാരം പ്രവൃത്തിയുടെ വാല്വേഷൻ എഞ്ചിനീയർ തയ്യാറാക്കേണ്ടതാണ്. ഫയൽ പരിശോധിച്ചതിൽ നിർമ്മാണത്തിന്റെ വാല്വേഷൻ എഞ്ചിനീയർ തയ്യാറാക്കിയിട്ടില്ല.

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. 2018-19 സാമ്പത്തിക വർഷത്തിൽ ഗുണഭോക്താക്കളായ 7പേർക്ക് അധികം നൽകിയ തുകയായ 14000 രൂപ ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. പ്രസ്തുത തുക തിരികെ ഈടാക്കി ബന്ധപ്പെട്ട ഫണ്ടിൽ ഒടുക്കേണ്ടതാണ്. 2019-20 സാമ്പത്തിക വർഷത്തിലും അധികം തുക നൽകാൻ ഇടയായ സാഹചര്യം പരിശോധിക്കേണ്ടതും തുടർ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

# ഭാഗം -4

# പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2017-18 | 700000 | പരനിലം കുടിവെള്ള പദ്ധതി | 662578 | 37422 |
| ജില്ലാ പഞ്ചായത്ത് | 2018-19 | 38008 | ലൈഫ് ഭവന നിർമ്മാണം (എസ്.സി) | 0 | 38008 |
| ജില്ലാ പഞ്ചായത്ത് | 2018-19 | 250000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 250000 | 0 |
| ജില്ലാ പഞ്ചായത്ത് | 2018-19 | 304701 | ലൈഫ് ഭവന നിർമ്മാണം (ജനറൽ) | 304701 | 0 |
| ജില്ലാ പഞ്ചായത്ത് | 2018-19 | 50000 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി | 50000 | 0 |
| ബ്ലോക്ക്പഞ്ചായത്ത് | 2018-19 | 100000 | ക്ഷീരസംഘങ്ങൾ മുഖേന പാലിന് സബ്സിഡി | 100000 | 0 |
| ബ്ലോക്ക്പഞ്ചായത്ത് | 2018-19 | 139490 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് | 139490 | 0 |

| | | | | | |
|---|---|---|---|---|---|
| | | | സ്കോളർഷിപ്പിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | | |
| ബ്ലോക്ക്പഞ്ചായത്ത് | 2018-19 | 180000 | ലൈഫ് ഭവന പദ്ധതി.എസ്.സി | 0 | 180000 |
| ബ്ലോക്ക്പഞ്ചായത്ത് | 2018-19 | 760000 | ലൈഫ് ഭവന പദ്ധതി. | 760000 | 0 |
| ബ്ലോക്ക്പഞ്ചായത്ത് | 2018-19 | 204000 | നെൻക്യഷിക്ക് കൂലിച്ചെലവ് | 0 | 204000 |
| ബ്ലോക്ക്പഞ്ചായത്ത് | 2018-19 | 300000 | അങ്കണവാടി പോഷകാഹാരം | 300000 | 0 |
| ബ്ലോക്ക്പഞ്ചായത്ത് | 2018-19 | 100000 | അങ്കണവാടി പോഷകാഹാരം എസ്.എസ് | 0 | 100000 |
| ബ്ലോക്ക്പഞ്ചായത്ത് | 2018-19 | 600000 | വള്ളോപ്പിൽ ചാലിൽ അങ്കണവാടി നിർമ്മാണം | 600000 | |
| | | 3726199 | | 3166769 | 559430 |

# 4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയ തുകയുടെ വിശദാംശങ്ങൾ.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ചെക്ക് നമ്പർ | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | അങ്കണവാടി വൈദ്യുതീകരണം | 42/18-19/20.03.2019 | 109125 | 0 | 109125 |
| കെ.എസ്.ഇ.ബി | പരനിലം എസ്.സി. കുടിവെള്ള പദ്ധതി | 079901/26.03.19 (ജില്ലാ പഞ്ചായത്ത് വിഹിതം) | 182250 | 0 | 182250 |

# 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

# 4-4 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ ലഭിച്ചതിന്റെയും തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | സാമ്പത്തിക വർഷം | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻ വർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി | ജി.ഒ (എം.എസ്) 68/2018/ എൽ.എസ്.ജി.ഡി./18.05.2018 | -- | 2018-19 | 807500 | 450000 | 0 | 357500 |
| ഇ.എം.എസ്. ഭവന പദ്ധതി | 646/2010/25.2.2010 | 973477 | 2018-19 | ഇല്ല | ബാധകമല്ല | ബാധകമല്ല | 973477 |

## 4-5 സ്ഥിര നിക്ഷേപം

ഇല്ല

## 4-6 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ 1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23 - വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം |
|---|---|---|---|---|
| 2001-02 | 26 | 2003-04 | 11(12) | വേതനവും പെൻഷനുകളും അനുവദിച്ചതിലെ അപാകതകൾ |
| 2000-01 | 27 | 2003-04 | പൊതു പരാമർശം 11.13<br>3-2 | നേത്യച്ചാലിൽ ജലസേചന പദ്ധതി (വ്യക്തികൾ വിട്ടുകൊടുക്കാത്ത ഭൂമിയിൽ നടപടികൾ പൂർത്തിയാക്കാതെ നിർമ്മാണം) |
| 2002-03 | 6 | 2004-05 | 11.1.2.1 | ടെണ്ടർ<br>വേലകളുടെ ഗുണമേൻമ – ഗുണഭോക്തൃ സമിതി രൂപീകരിച്ച്<br>ഉറപ്പ്<br>വരുത്തുന്നില്ല. |
| 2003-04 | 3-3 | 2005-06 | പൊതു പരാമർശം 1-13 | റോഡ് നിർമ്മാണ പ്രവൃത്തികൾ |
| 2003-04 | 3-11 | 2005-06 | പൊതു പരാമർശം<br>4-5 | ഭവനനിർമ്മാണം-ധനസഹായം കൈപ്പറ്റിയിട്ടും നിർമ്മാണം പൂർത്തിയാക്കിയില്ല |

| | | | | |
|---|---|---|---|---|
| 2003-04 | 3-1 | 2005-06 | പൊതു പരാമർശം 10 | വെള്ളക്കരം - വസ്തു കൈമാറ്റ തീരുവ-ലക്ഷങ്ങൾ ജല അതോറിറ്റിക്ക് |
| 2007-08 | 3-1 | 2010-11 | | ത.സ്വ.ഭ.വ. സ്ഥാപനങ്ങളുടെ ആസ്തികളുടെ പരിപാലനം |
| 2014-15 | 2-2 | 2016-17 | അനുബന്ധം-4 | തൊഴിൽ നികുതി അപാകതകൾ |
| 2015-16 | 2-1,2-3 | 2016-17 | അനുബന്ധം-5 | തൊഴിൽ നികുതി അപാകതകൾ |

## 4-7 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-8 സർചാർജ് നടപടി വഴി ഈടാക്കിയ തുക

| ക്രമ നമ്പർ | റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ് | സർചാർജ് സർട്ടിഫിക്കറ്റ് | |
|---|---|---|---|---|---|
| | | | | നമ്പരും തീയതിയും | തുക |
| 1 | 2 | 3 | 4 | 5 | 6 |
| 1 | 1996-97 | 31 | കെ.ഗോപാലൻ,<br>സെക്രട്ടറി | LF3442/ Spl.Cell/ SC4/ 2000 dt.12.11.01 | 2385 |

## 4-9 ഓഡിറ്റ് പ്രത്യവലോകനം

**(എ) സംക്ഷിപ്ത വിവരം**

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 64863895 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 59171889 |
| വരവിനങ്ങളിലുള്ള നഷ്ടം | -- |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 43890 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1802381 |

(ചെലവിനങ്ങളിലുള്ള നഷ്ടം,വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബിയിലേയും സിയിലേയും തുകയാണ് ).

**(ബി). <u>പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം</u>**

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 29890 | ശ്രീ.മോഹൻദാസ്. വി.കെ. ഹെഡ് മാസ്റ്റർ, |
| 3-2 | | 14000 | ശ്രീമതി.ശ്രീലത. എൻ.എസ്.<br>വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ |
| ആകെ | | 43890 | |

**<u>ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക</u>**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-13 | 73070 | ശ്രീ. ബൈജു ജോസ്, സെക്രട്ടറി |
| 1-18 | 719180 | ശ്രീമതി. കൃഷ്ണേന്ദു.കെ, അസി.എഞ്ചിനീയർ |
| 1-22 | 735131 | ശ്രീമതി. കൃഷ്ണേന്ദു.കെ, അസി.എഞ്ചിനീയർ |
| 1-34 | 240000 | ശ്രീമതി. ശ്രീജ.വി.ടി, ഐ.സി.ഡി.എസ്. സൂപ്പർ വൈസർ |
| 1-38 | 35000 | ശ്രീമതി. ശ്രീജ.വി.ടി, ഐ.സി.ഡി.എസ്. സൂപ്പർ വൈസർ |
| ആകെ | 1802381 | |

**(സി) <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>**

ഇല്ല

**(ഡി) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>**

ഇല്ല

**(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ<br>(ഓഡിറ്റ് നടന്ന സമയത്തെ)<br>ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.മോഹൻദാസ്.വി.കെ. | ഹെഡ് മാസ്റ്റർ, ഗവ.യു.പി.സ്കൂൾ ആരാമ്പ്രം | വടക്കേ കാവാട്ട് പറമ്പത്ത്<br>മടവൂർ .പി.ഒ 673785 |
| ശ്രീമതി.ശ്രീലത. എൻ.എസ്.<br>വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ,<br>മടവൂർ ഗ്രാമ പഞ്ചായത്ത് | ഇരുന്നമണ്ണ,<br>വാഴയൂർ .പി.ഒ<br>പിൻ 673633, മലപ്പുറം |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്ക്സ് |
|---|---|---|---|
| 1998-99 | നം.എൽ.എഫ്.കെ കെ ഡി പി1/705/2013-19/06/2013 | 2 | 34, 37 |
| 2000-01 | നം.എൽ. എഫ്.കെ. കെ.ഡി.പി1/705/13/ 19.6.13 | 1 | 27 |
| 2001-02 | നം.എൽ. എഫ്.കെ. കെ.ഡി.പി1/20(47)/09/ 18.01.11 | 3 | 18, 19, 20 |
| 2003-04 | നം.എൽ. എഫ്. കെ.കെ.ഡി. പി1/705/13(1)/ 19.6.13 | 1 | 3-4(2) |
| 2006-07 | കെ.എസ്. എ. കെ. കെ.ഡി/ പി.1 /982/12(6) തീ. 18.08.12 | 17 | 2-3 (1 to7) 2-5, 2-12, 2-13(a), 2-15, 2-16, 2-17(a,b)3-2, 3-3, 3-4, 3-6, 3-7, 3-8, 3-10, 3-11, 3-14, 3-18 |
| 2007-08 | നം.എൽ.എഫ്.കെ.കെ.ഡി. പി1/ 1982/12(7)/ 5.9.12 | 20 | 2-6, 2-8, 2-13, 3-1, 3-2, 3-3, 3-4, 3-6, 3-7(1), (2), 3-8, 3-9, 3-10, 3-11, 3-12, 3-13, 3-14, 3-15, 3-16, 4-2 |
| 2008-09 | നം.എൽ.എഫ്. കെ.കെ.ഡി. പി1 /1982/12(8)/ 27.8.12 | 15 | 2-4, 2-5, 3-3, 3-5, 3-6, 3-8, 3-10, |

| | | | |
|---|---|---|---|
| | | | 3-11, 3-12, 3-14, 3-17, 3-18, 3-19 3-20, 4-2 |
| 2009-10 | നം.എൽ.എഫ്. കെ.കെ.ഡി. പി1 /1982/12(9)/ 27.8.12 | 5 | 2-2, 2-4(1), (2), (3), (4), 3-1, 3-6, 4-3, |
| 2010-11 | നം.എൽ. എഫ്.കെ. കെ.ഡി. പി1 /84/12/29.1.13 | 24 | 2-1, 2-2, 2-3, 2-4, 2-6, 2-7(എ,ബി) 2-8, 2-9 2-10, 3-1(1,2,3) 3-2, 3-3, 3-4, 3-5, 3-7, 3-8, 3-93-10, 3-11, 3-12, 3-13, 3-143-15, 3-16 |
| 2011-12,12-13 | നം.എൽ.എഫ്.കെ.കെ.ഡി. പി1 /279/15/ 11.03.15 | 13 | 3-1, 3-3, 3-5, 3-6, 3-7, 3-9, 3-11, 3-12, 3-13, 3-14, 3-15(1) (2) (4) |
| 2013-14,2014-15 | നം.കെ.എസ്.എ.കെ.കെ.ഡി. പി.1/2227/2016 തീ.27.04.17 നം.എൽ. എഫ്.കെ. കെ.ഡി.പി1/332/19 02.05.19 | 27 | 2-1, 2-2, 3-1, 3-2, 3-3 3-4, 3-5, 3-6, 3-7 , 3-8, 3-9, 3-10, 3-11, 3-12, 3-13, 3-14, 3-15, 3- |

| | | | |
|---|---|---|---|
| | | | 16 3-17, 3-18, 3-20 (1,2,3,4), 3-21(1), 3-22, 3-24, 3-25, 3-27,3-28 |
| 2015-16 | കെ.എസ്. എ. കെ. കെ.ഡി/ പി.1 /547/2017തീ. 04.05.2017 | 24 | 1-3(1,2,3,4), 2-1,2-2, 2-3(1),2-3(2), 2-4, 3-1(1), 3-1(2), 3-2, 3-3,3-4, 3-5, 3-6,3-7,3-8(1), 3-8(2),3-9, 3-10, 3-11, 3-12,3-13,3-14, 3-15, 3-16, |
| 2016-17 | കെ.എസ്. എ. കെ. കെ.ഡി/ പി.1 /2472/2017 തീ. 03.01.18 | 15 | 2-2, 2-3, 3-1, 3-2, 3-3, 3-4, 3-5, 3-6, 3-7, 3-8, 3-9, 3-11, 3-12, 3-17, 3-18, |
| 2017-18 | കെ.എസ്. എ. കെ. കെ.ഡി/ പി.1 /25/2019 തീ. 25.05.19 | 18 | 1.12,2-1(1,2), 2-2, 2-32-4, 3-1, 3-2,3-3, 3-4, 3-53-6, 3-7, 3-8,3-9, 3-13-11, 3-12, 3-13, |

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്

# അനുബന്ധം-1 ഓഡിറ്റ് സാക്ഷ്യപത്രം

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ് 4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം - വകുപ്പ് 215(6), 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത് / നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ)1413/ 2018/ത.സ്വ.ഭ.വ. നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും മടവൂർ ഗ്രാമ പഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു .

എന്റെ അഭിപ്രായത്തിൽ ഈ റിപ്പോർട്ടിൽ പരാമർശിച്ച അപാകതകൾ ഒഴികെ (ഖണ്ഡിക 1-12 കാണുക) ഓഡിറ്റിന് ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിൽ സ്ഥാപനത്തിന്റെ 2018-19 ലെ വാർഷിക ധനകാര്യ പത്രിക കൃത്യവും പൂർണ്ണവുമായ വിവരം നൽകുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്